നിയമ സംസ്കാര കേന്ദ്രത്തിന്റെ

ജനനീതി

3.00 ക.

# അഗ്നിപരീക്ഷണത്തിന്നുശേഷം



ദൽഹിയിൽ ആരുഷി എന്ന പെൺകുട്ടിയുടെ വധത്തെത്തുടർന്ന് അറസ്റ്റ് ചെയ്യപ്പെട്ട അച്ഛൻ ഡോ. രാജേഷ് തൽവാർ രണ്ടു മാസത്തെ ജയിൽവാസത്തിന്നു ശേഷം പുറത്തുവന്നപ്പോൾ.

137 സെപ്തംബർ 2008

# നവനീതം
# മനുഷ്യാവകാശ കമ്മീഷണർ


നവനീതം പിള്ള

ഐക്യരാഷ്ട്ര സമിതിയുടെ പുതിയ മനുഷ്യാവകാശ കമ്മീഷണറായി അന്താരാഷ്ട്ര ക്രിമിനൽ കോടതിയിലെ ജഡ്ജിയായ നവനീതം പിള്ള (ദക്ഷിണാഫ്രിക്ക) നിയമിതയായി. കനഡയുടെ ലൂയി ആർബർ ജൂൺ 30ന്ന് തന്റെ നാലുകൊല്ലത്തെ കാലാവധി പൂർത്തിയാക്കിയതിനെത്തുടർന്നാണ് 67 വയസ്സുള്ള നവനീതം നിയമിതമായത്.

ഇന്ത്യയിൽനിന്നുള്ള തമിഴ് വംശജരുടെ പുത്രിയായി വർണ്ണ വിവേചന കാലഘട്ടത്തിൽ ജനിച്ച നവനീതം വളരെ ദരിദ്രമായ ഒരു സാഹചര്യത്തിലാണ് വളർന്നുവന്നത്. ഹാർവാർഡിൽനിന്ന് ബിരുദം നേടിയ നവനീതയാണ് ദക്ഷിണാഫ്രിക്കയിലെ നറ്റാൾ സംസ്ഥാനത്തിലെ ഒന്നാമത്തെ വനിതാ അഭിഭാഷക. നെൽസൻ മണ്ഡേലക്കുവേണ്ടി കേസ് നടത്തിയ ആളാണിവർ.

റുവാണ്ടക്കുവേണ്ടിയുള്ള ഇന്റർ നാഷനൽ ക്രിമിനൽ ട്രിബ്യൂണലിൽ ജഡ്ജിയായും പിന്നീടതിന്റെ പ്രസിഡണ്ടായും പ്രവർത്തിച്ചിട്ടുള്ള നവനീതം 2003 ലാണ് ഹേഗിലെ അന്താരാഷ്ട്ര ക്രിമിനൽ കോടതിയിൽ ജഡ്ജിയായത്.

ലോകമെങ്ങുമുള്ള വനിതകളുടെ അവകാശ സംരക്ഷണത്തിന്നായി പ്രവർത്തിക്കുന്ന അന്താരാഷ്ട്ര സംഘടനയായ "സമത്വം ഇപ്പോൾ" സ്ഥാപിച്ചവരിലൊരാളാണ് നവനീതം.

ഐക്യരാഷ്ട്ര മനുഷ്യാവകാശ കമ്മീഷണറുടെ പദവി വളരെ ഉന്നതമാണെന്നതിന്ന് പുറമെ അത്യന്തം വിവാദപരവുമാണ്. കാരണം, മനുഷ്യാവകാശ ലംഘനം നടത്താത്ത ഗവർമ്മേണ്ടുകൾ കുറവാണെന്നതുതന്നെ. ഇപ്പോൾ സ്ഥാനമൊഴിഞ്ഞ മിസ് ആർബറിന്റെ ചില പ്രസ്താവനകൾ ഇസ്ലാമിക രാജ്യങ്ങളെ പ്രകോപിപ്പിക്കുകയുണ്ടായി; പാശ്ചാത്യ രാജ്യങ്ങൾക്കും അവർ അഹിതകാരിയായിരുന്നു.

നവനീതത്തിന്റെ നിയമനത്തെ അമേരിക്ക ആദ്യം എതിർത്തിരുന്നു. ഗർഭഛിദ്രം പോലെയുള്ള ചില കാര്യങ്ങളിൽ നവനീതം നടത്തിയ ചില പരാമർശങ്ങൾ അമേരിക്കക്ക് അഹിതകരമായിരുന്നു. എങ്കിലും ഒടുവിൽ അവരും വഴങ്ങി.

ബലാത്സംഗം അന്താരാഷ്ട്രവൽകൃതമായ യുദ്ധായുധമാണെന്ന് റുവാണ്ട ട്രിബ്യൂണലിലെ ജഡ്ജിയായിരിക്കെ നവനീതം വിധിച്ചിരുന്നു. വംശഹത്യാപാതകം പോലുള്ള ഒരു കുറ്റ കൃത്യമാണതെന്നും അവർ വിധിക്കുകയുണ്ടായി. ❑

ജനനീതി

സെപ്തംബർ 2008
**137**

പത്രാധിപർ:

**ടി.വി. അച്ചുതവാരിയർ**

പത്രാധിപസമിതി:

**കെ.ജി. ശങ്കരപ്പിള്ള**
**സി.പി. ഗംഗാധരൻ**
**ഫ്രാൻസീസ് സേവ്യർ**
**പി.എസ്. മനോജ്കുമാർ**
**പി.എൻ. ഗോപീകൃഷ്ണൻ**
**എൻ.എൻ. ഗോകുൽദാസ്**
**ജോർജ്ജ് പുലികുത്തിയിൽ**

**ജനനീതി**
**പി.ബി. നമ്പർ 8**
**തോട്ടപ്പടി, മണ്ണുത്തി പോസ്റ്റ്**
**തൃശൂർ – 680 651**

Tel :-487 2373479, 2373281
Fax:-487- 2373281
E-mail: gpneethi@sancharnet.in
Web: www.jananeethi.org

എഡിറ്റോറിയൽ

# പോലീസ് കേസും പത്രക്കാരുടെ ഉത്തരവാദിത്വവും

**ഏ**തെങ്കിലുമൊരു കേസുമായി ബന്ധപ്പെട്ട് പോലീസ് ആരെയെങ്കിലും പിടികൂടിയാൽ അവരെ നിരത്തി നിർത്തി ഫോട്ടോ എടുപ്പിച്ച് പത്രങ്ങളിൽ കൊടുക്കുന്ന ഒരു ഏർപ്പാട് പണ്ടു മുതൽക്കേ കേരളത്തിൽ നിലവിലുണ്ട്. അച്ചടി രീതികൾ പരിഷ്ക്കരിക്കുകയും വാർത്ത ചേർക്കുന്നതിനേക്കാൾ എളുപ്പം ചിത്രം കൊടുക്കുന്നതാണെന്നു വരികയും ചെയ്തതോടെ ഈ പ്രവണത വർധിച്ചിട്ടുമുണ്ട്. പക്ഷെ ഇത് നിയമത്തിന്റെ നാലതിരുകൾക്കുള്ളിൽ ഒതുങ്ങുന്നതാണോ എന്ന് ആരെങ്കിലും ചിന്തിച്ചിട്ടുണ്ടോ? പോലീസ് പിടികൂടി എന്നതുകൊണ്ട് ഒരാൾ കുറ്റക്കാരനാണെന്നു വരുന്നില്ല. കോടതി നടപടികൾ പൂർത്തിയാകുന്നതുവരെ, കോടതി കുറ്റക്കാരനാണെന്ന് വിധിക്കുന്നതു വരെ ഒരാൾ നിരപരാധിയായി സങ്കൽപ്പിക്കപ്പെടുന്നു. അതിന്നുമുമ്പേ അയാളെ കുറ്റക്കാരനെന്നോണം സമൂഹത്തിന്റെ മുമ്പാകെ അവതരിപ്പിക്കാമോ?

അതിന്നും പുറമെ ഒരാളുടെ സ്വകാര്യത സംരക്ഷിക്കാൻ അയാൾക്കവകാശമുണ്ട് കണ്ടവർക്ക് കയറിവന്ന് ഫോട്ടോ എടുക്കാനോ അത് പ്രസിദ്ധീകരിക്കാനോ അവകാശമില്ല. പൊതുസ്ഥലത്തു വച്ചായാൽ പോലും ഒരാളുടെ അനുവാദം കൂടാതെ അയാളുടെ ചിത്രമെടുക്കാൻ അനുവാദമില്ല. വഴിയേ പോകുന്ന ഒരു പെൺകുട്ടിയുടെ ചിത്രമെടുത്ത് പ്രസിദ്ധീകരിച്ചാൽ എന്തായിരിക്കും പൊല്ലാപ്പ് എന്ന് ഓർത്താൽ ഒരാളുടെ സ്വകാര്യതക്കുള്ള വില മനസ്സിലാക്കാം.

ചിത്രങ്ങളുടെ കാര്യത്തിൽ മാത്രമല്ല, വാർത്തകളുടെ കാര്യത്തിലും ഇത് പ്രധാനമാണ്. പോലീസ് പറഞ്ഞുവെന്നതുകൊണ്ടു മാത്രം എന്തും ശരിയായിക്കൊള്ളണമെന്നില്ല. പോലീസുകാർ പലപ്പോഴും പത്രക്കാരെ ചൂണ്ടയായി ഉപയോഗിക്കാറുണ്ട്. അതിൽ

# തൊഴിലവകാശ രംഗത്ത് സ്ത്രീകൾക്ക് ആധിപത്യം

- രത്നഭാരതി താലുക്ദാർ -

**പ**ശ്ചിമ ത്രിപുരയിലെ ഡോക്ടേഴ്സ് ടില്ലയിൽനിന്നും രാജപാതയിലേക്കുള്ള ഒരു കിലോമീറ്റർ റോഡിന്റെ പണി കഴിഞ്ഞ ആഗസ്റ്റിൽ പൂർത്തിയായി. ജനങ്ങൾക്കിനി ചന്തയിലേക്ക് വളഞ്ഞവഴിയേ പോകേണ്ടതില്ലെന്നതുമാത്രമല്ല സന്തോഷകാരണം; ആ റോഡുണ്ടാക്കിയത് അവർ തന്നെയാണ്- തൊഴിലവകാശ പദ്ധതിപ്രകാരം.

പണിക്കാർ ഏതാണ്ട് എല്ലാവരും സ്ത്രീകളായിരുന്നു അവർക്ക് കൂലി വകയിൽ 73,800 ക. ലഭിക്കുകയും ചെയ്തു. ജൂലായ് 15 മുതൽ ഒന്നര മാസംകൊണ്ടാണ് അവർ പണി പൂർത്തിയാക്കിയത്. പുരുഷൻമാർ ഈ പണിക്കു നിൽക്കാറില്ല. തൊഴിലവകാശ പദ്ധതിപ്രകാരം ത്രിപുരയിലെ കൂലി 85 രൂപയാണ്. പുരുഷൻമാർക്ക് പട്ടണത്തിൽ പോയാൽ 150 രൂപയിലേറെ കൂലി കിട്ടും. അതിനാൽ തൊഴിലുറപ്പു പദ്ധതിയിൽ പണിയെടുക്കുന്നവരിൽ മിക്കവരും സ്ത്രീകളാണ്.

2007-08 ൽ വടക്കൻ ത്രിപുരയിലെ ഖേദർനാൽ ഗ്രാമത്തിലുള്ള 321 കുടുംബങ്ങൾക്കും തികച്ചും നൂറുദിവസത്തെ ➡

---

കയറി കൊത്തുന്ന പത്രക്കാരും നമ്മുടെ നാട്ടിൽ ധാരാളമാണ്. ഒടുവിൽ അമളിപറ്റുമ്പോൾ പോലീസ് കൈമലർത്തും. പത്രക്കാരുടെ ദൈവാധീനം കൊണ്ട് ഇതുവരെ ആരും അവരുടെ നേരെ തിരിഞ്ഞിട്ടില്ലെന്നേയുള്ളൂ. കേരളത്തിലെ വിവാദപരമായ ക്ഷോഭജനകമായ കേസ്സുകളിലെല്ലാംതന്നെ ഈ കള്ളക്കളി കാണാൻ കഴിയും.

ഈയിടെ ദൽഹിയിൽ 13 വയസ്സു മാത്രം പ്രായമുള്ള ആരുഷി എന്നൊരു പെൺകുട്ടി വധിക്കപ്പെട്ടു. അതോടൊപ്പംതന്നെ ആ വീട്ടിലെ വേലക്കാരനും വധിക്കപ്പെട്ടു. ഇന്നും ഈ കേസിന്റെ വാലും തുമ്പും പിടികിട്ടിയിട്ടില്ല. എന്നാൽ പോലീസ് ഉടനെത്തന്നെ ആ കുട്ടിയുടെ അച്ഛനായ ഡോ. രാജേഷ് തൽവാറിനെ അറസ്റ്റ് ചെയ്തു. മാത്രമല്ല പോലീസ് പല കഥകളും മെനഞ്ഞുണ്ടാക്കി പത്രക്കാർക്ക് നൽകുകയും ചെയ്തു. ഇത്തരമൊരു കഥ കിട്ടിയാൽ പത്രക്കാരുണ്ടോ വിടുന്നു! അവർ സ്വകപോലെ കല്പിതമായ കുറെ എരുവും പുളിയും ചേർത്ത് അതൊക്കെ പ്രസിദ്ധീകരിച്ചു ആരെല്ലാമോ ഇടപെട്ടതിന്റെ ഫലമായി കേസ് ഒടുവിൽ സി.ബി.ഐ ഏറ്റെടുത്തു. ഇപ്പോൾ സി.ബി.ഐ. കോടതിയിൽ സമർപ്പിച്ച റിപ്പോർട്ടിൽ പറയുന്നു ഡോ. തൽവാറിന്നെതിരെ ഒരു തെളിവുമില്ലെന്ന്; പോലീസ് പറഞ്ഞതൊക്കെ കെട്ടുകഥയാണെന്ന്. അങ്ങനെ രണ്ടു മാസത്തോളം നീണ്ടുനിന്ന ജയിൽ വാസത്തിനുശേഷം ഡോ. തൽവാറിനെ വിട്ടയച്ചിരിക്കുന്നു. അപ്പോൾ ഈ പറഞ്ഞുണ്ടാക്കിയ, ഈ അച്ചടിച്ചു പ്രസിദ്ധീകരിച്ച, കെട്ടുകഥകൾക്കെന്തുപറ്റി? ഒരാളെപ്പറ്റി ചീത്തത്തരം പറഞ്ഞുണ്ടാക്കിയശേഷം, അതങ്ങനെയൊന്നുമല്ലെന്നു പറഞ്ഞതുകൊണ്ടെന്തുകാര്യം?

നിയമത്തിന്റെ വലക്കണ്ണികളിൽക്കൂടി രക്ഷപ്പെടാൻ പത്രക്കാർക്കു സാധിക്കുമെന്നിരിക്കിലും ഇത്തരം കാര്യങ്ങളിൽ അവർക്ക് ധാർമ്മികമായ ചില ഉത്തരവാദിത്വങ്ങളുണ്ട്. ഒരാളെപ്പറ്റി അനാവശ്യമായ ഊഹാപോഹങ്ങൾ പ്രചരിപ്പിക്കുന്നതിന്നുമുമ്പ് അതിന്റെ യഥാർത്ഥസ്ഥിതി ആരായാൻ അവർ ബാധ്യസ്ഥരാണ്. തങ്ങളുടെ പേന ഒരാളുടെ ജീവിതത്തെത്തന്നെ നശിപ്പിക്കാൻ മതിയായതാണെന്ന ബോധം പത്രക്കാർക്കുണ്ടാകേണ്ടതാണ്. ❑

ജോലി നൽകാൻ കഴിഞ്ഞു. ത്രിപുര ആകെയെടുത്താൽ 44 ദിവസത്തെ ജോലി യാണ് നൽകാൻ കഴിഞ്ഞത്. ഇത് ദേശീയ ശരാശരിയായ 42 നേക്കാൾ മെച്ചമാണ്. ത്രിപുരയിൽ ആകെ 4,65,779 പേർക്കാണ് തൊഴിൽ കാർഡ് നൽകിയിട്ടുള്ളത്.

ത്രിപുരയിൽ തൊഴിലവകാശ പദ്ധതി നട പ്പാക്കുമ്പോൾ പ്രധാനമായും ലക്ഷ്യമിടു ന്നത് സ്ഥിരം ആസ്തികളുടെ നിർമ്മാണ മാണ്. അതിൽതന്നെ മുൻഗണന നൽകു ന്നത് റോഡ് നിർമ്മാണത്തിലുമാണ്. 2007 -08 ൽ ആകെ 6717 കിലോമീറ്റർ റോഡ് ഈ പദ്ധതി പ്രകാരം ഉണ്ടാക്കി. അടുത്ത രണ്ടുകൊല്ലംകൊണ്ട് എല്ലാ ഗ്രാമങ്ങളി ലേക്കും ടാറിട്ട റോഡുണ്ടാക്കണമെന്നാണ് പ്ലാൻ. ഇത് വികസനത്തിന്ന് വഴിതുറക്കും. റോഡ് നിർമ്മാണത്തിന്നു പുറമെ ജലസം രക്ഷണം, മഴവെള്ളകൊയ്ത്ത്, ചെറുകിട ജലസേചന പദ്ധതികൾ, പരമ്പരാഗത കള ങ്ങൾ വൃത്തിയാക്കൽ, മത്സ്യബന്ധനം, ഭൂവി കസനം വെള്ളപ്പൊക്ക നിയന്ത്രണ പദ്ധ തികൾ, പാലം നിർമ്മാണം എന്നിവയും തൊഴിലവകാശ പദ്ധതി പ്രകാരം ഏറ്റെ ടുത്തു നടത്തുന്നുണ്ട്.

തൊഴിലവകാശപദ്ധതി നടപ്പാക്കിയതിൽ ഇന്ത്യയിൽ രണ്ടാം സ്ഥാനം ത്രിപുരക്കാ ണ്. മിസോറാമിന്ന് 5-ാം സ്ഥാനവും മണി പ്പൂരിന്ന് ഏഴാം സ്ഥാനവും ആസാമിന്ന് 13 -ാം സ്ഥാനവുമാണുള്ളത്. തൊഴിലിന്ന് അർഹരായവരെ തിരിച്ചറിയുക എന്നതാണ് ഈ പദ്ധതിയിലെ ഏറ്റവും വിഷമകരമായ ജോലിയെന്ന് ബി.ഡി.ഒ. ചൗധരി പറയു ന്നു. ഓരോ സ്ഥലത്തും പഞ്ചായത്തു കാരും സർക്കാർ ജീവനക്കാരുമാണ് അർഹരായവരെ കണ്ടെത്തുന്നത്. തൊഴിൽ കാർഡിൽ ഫോട്ടോ പതിച്ചു നൽകും. ഏതു പദ്ധതി ഏറ്റെടുത്തു നട ത്തണമെന്നു തീരുമാനിക്കാൻ തദ്ദേശീയ ഉപദേശ സമിതികളുമുണ്ടാകും.

2007-08 ൽ ത്രിപുരയിൽ 162 കോടി രൂപ തൊഴിലവകാശ പദ്ധതി പ്രകാരം ചെലവാ ക്കിയിട്ടുണ്ട്. 2006-07 ൽ കൂലി 55 രൂപയാ യിരുന്നു. 2007-08 ൽ അത് 85 രൂപയായി ഉയർത്തി. ത്രിപുരയിലെ ജനങ്ങളിൽ 66 ശതമാനവും ഇപ്പോഴും ദാരിദ്ര്യ രേഖക്ക് താഴെയാണ്. അതിനാൽ തൊഴിലുറപ്പു പദ്ധതി മർമ്മ പ്രധാനമാണ്. സംസ്ഥാന സമ്പദ് വ്യവസ്ഥ ഇപ്പോഴും കാർഷികമാ ണ്, പണികളധികവും കൃഷി സംബന്ധി ച്ചതുമാണ്. കർഷകരിൽ മിക്കവരും ഒരേ ക്കറിൽ താഴെ ഭൂമിയുള്ള പാവങ്ങളാകയാൽ വേറെ ജോലി തേടി പോകേണ്ടിവരുന്നു. ഇത്തരമൊരു സാഹചര്യത്തിൽ തൊഴില വകാശപദ്ധതി ശരിക്കു നടപ്പാക്കുന്ന പക്ഷം ഗ്രാമീണർക്ക് അതനുഗ്രഹമാകും.

തൊഴിലവകാശ പദ്ധതി ത്രിപുരയിൽ പല നേട്ടങ്ങളുമുണ്ടാക്കിയിട്ടുണ്ടെങ്കിലും ചില പ്രശ്നങ്ങളും ഇല്ലാതില്ല. തൊഴിൽ കാർഡുള്ളവർക്കെല്ലാം വേതനം കിട്ടുമെ ങ്കിലും അതിന്നേറെ കാലതാമസം വരുന്നു ണ്ട്. ദുഗിൽ ഗ്രാമസഭയിൽ മത്സ്യബന്ധന വികസനത്തിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീക ളിൽ ചിലർ പറഞ്ഞത് കഴിഞ്ഞ തവ ണത്തെ പണിയുടെ കൂലി ഇനിയും കിട്ടി യിട്ടില്ലെന്നാണ്.

പഞ്ചായത്ത് പ്രധാൻ മൻമോഹനിദേവ നാഥും അതു സമ്മതിക്കുന്നുണ്ട്. പദ്ധതി പ്രവർത്തനത്തിൽ കള്ളത്തരങ്ങൾ ഒഴിവാ ക്കാൻ ഔപചാരിക നടപടി ക്രമങ്ങൾ പലതും പൂർത്തിയാക്കേണ്ടതുണ്ട്. പദ്ധ തിച്ചെലവിന്റെ 50 ശതമാനം മാത്രമേ ഗ്രാമ സഭ മുഖേന നൽകൂ; ബാക്കിയുള്ളത് ബ്ലോക്ക് പഞ്ചായത്ത് വഴിയാണ് നൽകു ക. ഓരോ പദ്ധതിയുടെ നിർമ്മാണവും പൂർത്തിയായെന്ന റിപ്പോർട്ട് കിട്ടുമ്പോഴേ പണം അനുവദിക്കൂ. ഇതൊക്കെ നൂലാ മാല പിടിച്ച ഏർപ്പാടാണ്. ഇതൊക്കെ കഴി യുന്നതുവരെ കാത്തുനിൽക്കാനുള്ള ക്ഷമ പട്ടിണി പാവങ്ങളായ ഗ്രാമീണർക്കുണ്ടാവി ല്ല.

കള്ളത്തരം ഒഴിവാക്കാനായി പണി ക്കാർക്കുള്ള കൂലി അവരുടെ പേരിലുള്ള ബാങ്ക് എക്കൗണ്ടിലാണ് നിക്ഷേപിക്കുന്ന ത്. തൊഴിൽ കാർഡുള്ള ഓരോരുത്തനും സമീപത്തുള്ള ഏതെങ്കിലും ബാങ്കിൽ എക്കൗണ്ട് ആരംഭിക്കണം. ഇത് പല പ്പോഴും നൂലാമാലകൾക്കും കാലതാമസ ത്തിന്നും ഇടയാക്കും. കുറച്ചു കാലതാമസം വന്നാലും തട്ടിപ്പ് ഒഴിവാക്കാൻ ഇത് ആവ ശ്യമാണെന്ന് അധികൃതർ പറയുന്നു. ❑

# വയോജന സംരക്ഷണം സന്നദ്ധസംഘടനകളിലൂടെ

അനാഥരായ അഛനമ്മമാരുടേയും മുതിർന്ന പൗരൻമാരുടേയും സംരക്ഷണവും ക്ഷേമവും ഉറപ്പുവരുത്താനുള്ള ഒരു ബിൽ 2007 ൽ പാസാക്കിയെങ്കിലും അതു നടപ്പിൽ വരുത്താനുള്ള ചട്ടങ്ങൾക്ക് കേരള ഗവർമ്മേണ്ട് ഇനിയും രൂപം നൽകിയിട്ടില്ല. മറ്റുപല നിയമങ്ങളേയുമെന്ന പോലെ ഇതു നടപ്പാക്കാനുള്ള ചുമതലയും ജില്ലാ ക്ഷേമ വകുപ്പ് ഓഫീസിൽ നിക്ഷിപ്തമാക്കാനാണ് പ്ലാൻ. ഇപ്പോൾതന്നെ താങ്ങാനാകാത്ത ഭാരങ്ങൾ ചുമത്തപ്പെട്ടിട്ടുള്ള, അവയൊന്നും ശരിക്ക് നടപ്പാക്കാത്ത, ജില്ലാ ക്ഷേമ ഓഫീസർമാരെ ഇതിന്റെ ചുമതലകൂടി ഏല്പിച്ചാൽ അത് വയോജനങ്ങളോട് കാണിക്കുന്ന ക്രൂരതയാകും. ഈ നിയമത്തിന്റെ ഉദ്ദേശ ശുദ്ധിയേയും ഫലസിദ്ധിയേയും പരിഗണിച്ച് ഇതിന്റെ നടത്തിപ്പിന്റെ ചുമതല അംഗീകൃത സന്നദ്ധ സംഘടനകളേയും സാമൂഹ്യ പ്രസ്ഥാനങ്ങളേയും ഏല്പിക്കേണ്ടതാണെന്ന് ജൂലായ് 27ന് ചേർന്ന ജനനീതിയുടെ 16-ാം വാർഷിക പൊതുയോഗം ഗവർമ്മേണ്ടിനോട് ആവശ്യപ്പെട്ടു.

പാർലിമെന്റ് 2005 ൽ പാസാക്കിയ വിവരാവകാശ നിയമത്തെ നിഷ്ഫലമാക്കുന്ന വിധത്തിൽ പെരുമാറുന്ന ഉദ്യോഗസ്ഥൻമാരുടേയും അധികൃതരുടേയും നടപടികളെ കുറ്റകൃത്യങ്ങളായി കണക്കാക്കി ശിക്ഷാ നടപടി സ്വീകരിക്കണമെന്ന് സമ്മേളനം മറ്റൊരു പ്രമേയത്തിൽ ആവശ്യപ്പെട്ടു. ഇന്ത്യയിലുണ്ടായിട്ടുള്ള ഏറ്റവും ജനപ്രിയനിയമങ്ങളിലൊന്നായ വിവരാവകാശ നിയമം അഴിമതിയുടെ വേരറുക്കാൻ സഹായിക്കുന്ന ഒന്നാണെന്ന് സമ്മേളനം ചൂണ്ടിക്കാട്ടി.

കേരളം ഭക്ഷ്യക്ഷാമത്തെ നേരിടുമ്പോഴും ഇവിടത്തെ നെൽവയലുകൾ നിരന്തരം നികത്തപ്പെട്ടുകൊണ്ടിരിക്കുന്നതിൽ സമ്മേളനം ഉൽകണ്ഠ രേഖപ്പെടുത്തി. ഭരണകൂടത്തിലെ അഴിമതിയും, ഉദ്യോഗസ്ഥന്മാരുടെ ആർത്തിയും, നീതി നിർവ്വഹണ സ്ഥാപനങ്ങളുടെ ജീർണ്ണതയുമാണ് ഇതിന്നുകാരണം. അധികൃതർക്ക് രാഷ്ട്രീയ ഇഛാശക്തിയും പാരിസ്ഥിതിക സംഘടനകളുടെ പിന്തുണയും ഉണ്ടെങ്കിലേ ഈ രംഗത്ത് ഫലപ്രദമായി എന്തെങ്കിലും ചെയ്യാൻ കഴിയൂ എന്ന് സമ്മേളനം ഓർമ്മിപ്പിച്ചു.

ഗാർഹിക പീഡന വിരുദ്ധ നിയമപ്രകാരം സേവന ദാതാവായി ജനനീതിയെ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. പീഡിതരാകുന്ന സ്ത്രീകൾക്ക് ആവശ്യമായ മരുന്ന്, ആരോഗ്യസംരക്ഷണം, താൽക്കാലിക പാർപ്പിടം, നിയമ സഹായം തുടങ്ങിയ അടിയന്തിര നടപടികൾ സ്വീകരിക്കാൻ സേവന ദാതാവ് ബാധ്യസ്ഥമാണ്. എന്നാൽ സാമൂഹ്യക്ഷേമവകുപ്പിന്റെ സഹായമോ സഹകരണമോ ലഭിക്കാത്തതിനാൽ ഫലപ്രദമായി ഒന്നും ചെയ്യാനാവുന്നില്ല. മാത്രമല്ല ഗാർഹിക പീഡനകേസുകളിൽ സേവന ദാതാവു സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ കയ്യോടെ നടപടിയെടുക്കേണ്ട പ്രൊട്ടക്ഷൻ ഓഫീസർ നിഷ്ക്രിയമായി നിൽക്കുന്നു. മറ്റനേകം ഔദ്യോഗിക ചുമതലകളുള്ള, അടിസ്ഥാന സൗകര്യങ്ങൾപോലും ഇല്ലാത്ത, പ്രൊബേഷണറി ഓഫീസ

റാണ് പ്രൊട്ടക്ഷൻ ഓഫീസറായി നിയമിക്കപ്പെട്ടിരിക്കുന്നത്. ഗാർഹിക പീഡനകേസുകൾ കൈകാര്യം ചെയ്യേണ്ടത് തിരക്കേറിയ മജിസ്ട്രേട്ട് കോടതികളിലാകയാൽ കേസുകൾ അനന്തമായി നീണ്ടുപോകുന്നു. ഒരു നിയമം പാസാക്കുമ്പോൾ അത് ഫല പ്രദമായി നടപ്പാക്കാനുള്ള സംവിധാനംകൂടി ഉണ്ടാകണമെന്ന് സമ്മേളനം ഗവർമ്മേണ്ടിനോട് അഭ്യർത്ഥിച്ചു.

സിവിൽ കേസുകൾ പെരുകുന്നു; കോടതികളുടെ എണ്ണം കൂടുന്നില്ല. കേസുകൾ അനന്തമായി നീണ്ടുപോകുന്നു. ഫലത്തിൽ നീതി നിഷേധിക്കപ്പെടുന്നു. ഈ സാഹചര്യത്തിൽ സിവിൽ നടപടി ക്രമത്തിലെ 89-ാം വകുപ്പനുസരിച്ച് നീതി നിർവ്വഹണ ചുമതല സന്നദ്ധസംഘടനകളെക്കൂടി ഏല്പിക്കുന്ന കാര്യം പരിഗണിക്കേണ്ടതാണ്. നിയമജ്ഞാനവും നീതിബോധവും സാമൂഹ്യ പ്രതിബദ്ധതയും നിയമവാഴ്ചയോട് ആദരവുമുള്ള സന്നദ്ധസംഘടനകളുടെ സഹകരണവും പങ്കാളിത്തവും ഇതിന്നായി പ്രയോജനപ്പെടുത്താമെന്ന് സമ്മേളനം മറ്റൊരു പ്രമേയത്തിൽ ചൂണ്ടിക്കാട്ടി.

രാഷ്ട്രീയവൽക്കരണവും നിക്ഷിപ്ത താൽപര്യക്കാരോടുള്ള വിധേയത്വവും മൂലം ക്രമസമാധാന പാലനത്തിലും കുറ്റാന്വേഷണത്തിലും പോലീസ് പലപ്പോഴും പരാജയപ്പെടുന്നു. അടുത്ത കാലത്ത് കേരളത്തിലുണ്ടായ അനിഷ്ട സംഭവങ്ങൾ ഇതിന്ന് തെളിവാണ്. ജനങ്ങളുടെ ജീവനും സ്വത്തിന്നും നാടിന്റെ നന്മക്കും കാവലിരിക്കാൻ ബാധ്യസ്ഥരായ പോലീസ് പലേടത്തും കാപാലികർ അഴിഞ്ഞാടുന്നതും ആയുധമേന്തി പ്രതിയോഗികളെ വേട്ടയാടുന്നതും കാഴ്ചക്കാരെപ്പോലെ നോക്കിനിൽക്കുന്നതാണ് കണ്ടത്. നിയമവാഴ്ചക്ക് തുരങ്കം വയ്ക്കുന്ന ഇത്തരം പ്രവർത്തന ശൈലിയിൽനിന്ന് പോലീസ് സേനയെ വിമുക്തമാക്കണമെന്ന് സമ്മേളനം ഗവർമ്മേണ്ടിനോട് ആവശ്യപ്പെട്ടു.

ജനാധിപത്യത്തിന്റെ മേലങ്കിയണിഞ്ഞ അധികാരികൾ ജനാധിപത്യത്തിന്റെ ഘാതകരായി മാറുന്നതു ഇന്ത്യയിൽ വാർത്തയല്ലാതായിരിക്കുന്നു. പൗരാവകാശ പ്രവർത്തകനും സർവ്വാദരണീയനുമായ ഡോ. വിനായകസെൻ ഒരുകൊല്ലമായി ഛത്തീസ്ഗഡിലെ തടവിൽ കിടക്കുന്നു; മലയാളിയും മാധ്യമപ്രവർത്തകനുമായ ടി.ജി. അജയനും അതേ ഗതിതന്നെയാണ് വന്നുചേർന്നത്. അഞ്ചു കൊല്ലം മുമ്പെഴുതിയ ഒരു ലേഖനത്തിന്റെ പേരിൽ ഈ കേരളത്തിൽ ഒരു മാധ്യമപ്രവർത്തകനായ ഗോവിന്ദൻകുട്ടിക്ക് മാസങ്ങളോളം ജയിലിൽ കിടക്കേണ്ടി വന്നു. ഇത്തരത്തിൽ പൗരാവകാശങ്ങളും മനുഷ്യാവകാശങ്ങളും ധ്വംസിക്കപ്പെടുന്നവർ ഇന്നാട്ടിൽ ഏറെയാണ്. ഭരണാധികാരികൾക്ക് ഇഷ്ടമില്ലാത്തവരെയെല്ലാം നക്ഷലുകളോ മാവോയിസ്റ്റുകളോ ആയി മുദ്രയടിച്ച് ജയിലിലടക്കുകയാണിവിടെ ചെയ്യുന്നത്. കുറ്റം തെളിയിക്കാൻ ഗവർമ്മേണ്ടിന്റെ കയ്യിൽ തെളിവുകളൊന്നുമില്ലാത്തതിനാൽ കേസുകൾ അറ്റമില്ലാതെ നീട്ടിക്കൊണ്ടുപോകുന്നു. മനുഷ്യാവകാശ പ്രവർത്തകരേയും രാഷ്ട്രീയ പ്രതിയോഗികളേയും നേരിടുന്നതിന്ന് മനുഷ്യാവകാശ ധ്വംസകങ്ങളായ നിയമങ്ങൾ ദുരുപയോഗം ചെയ്തുവരുന്നതിനെ സമ്മേളനം അപലപിച്ചു. ഇത്തരം ദുഷ്കൃത്യങ്ങളിൽനിന്ന് പിന്മാറണമെന്ന് കേന്ദ്ര-സംസ്ഥാന ഗവർമ്മേണ്ടുകളോട് അഭ്യർത്ഥിക്കുന്ന പ്രമേയം സമ്മേളനം പാസാക്കി. ❑

# സ്നേഹനിധിയായ ആന്റണിച്ചേട്ടൻ

1995 മുതൽ 2004 വരെ ജനനീതി ഓഫീസിലെ കാരണവരും അഡ്മിനിസ്ട്രേറ്ററുമായിരുന്ന ശ്രീ. കുന്നംകുമരത്ത് ഔസേപ്പ് ആന്റണി (റിട്ട. ഡെപ്യൂട്ടി കളക്ടർ, തൃശൂർ) 2008 ജൂലൈ 9ന്ന് 84-ാമത്തെ വയസ്സിൽ ഹൃദയാഘാതം മൂലം അന്തരിച്ചു. ജനനീതി കുടുംബാംഗങ്ങൾ പരേതന്റെ ചേറൂരിലുള്ള വീട്ടിലെത്തി അന്ത്യോപചാരങ്ങൾ അർപ്പിക്കുകയും സംസ്കാര കർമ്മങ്ങളിൽ ആദ്യന്തം പങ്കെടുക്കുകയും ചെയ്തു.

മുഴുവൻ നേരവും കർമ്മ നിരതനായിരുന്നു ആന്റണിച്ചേട്ടൻ. ഔദ്യോഗിക ജീവിതത്തിൽനിന്ന് വിരമിച്ച ശേഷം, നഗരമദ്ധ്യത്തിലുള്ള വീട്ടിൽ അടങ്ങിയൊതുങ്ങി ക്കഴിയാൻ അദ്ദേഹത്തിന്ന് ഇഷ്ടമില്ലായിരുന്നു. തന്റെ സമയം ഫലപ്രദമായും സമൂഹനന്മക്കുതകും വിധവും ചെലവഴിക്കണമെന്ന് നിർബ്ബന്ധമുണ്ടായിരുന്ന ആന്റണിച്ചേട്ടൻ ജനനീതിയിലെത്തിയത് അങ്ങനെയാണ്. തഹസീൽദാരും വില്ലേജ് ഓഫീസറും ഒക്കെയായിരുന്ന അദ്ദേഹത്തിന്ന് വസ്തുസംബന്ധമായ തർക്കങ്ങൾ രമ്യമായി പരിഹരിക്കുന്നതിന്ന് സവിശേഷമായ വൈദഗ്ദ്യമുണ്ടായിരുന്നു. സിവിൽ തർക്കങ്ങൾ ജനനീതിയിൽ ഏറ്റവും കൂടുതൽ വന്നുകൊണ്ടിരുന്നതും ആന്റണിച്ചേട്ടന്റെ കാലത്തായിരുന്നു. തർക്കങ്ങളിൽ തീർപ്പുണ്ടാക്കുക മാത്രമല്ല, പരാതികൾ എഴുതി തയ്യാറാക്കുന്നതിന്നും, ഭൂമി സംബന്ധമായ രേഖകളും മറ്റും വായിച്ചു വ്യാഖ്യാനിക്കുന്നതിന്നും സമർത്ഥനായിരുന്നു ആന്റണിച്ചേട്ടൻ. ജനനീതി മാസികയുടെ പ്രസാധകൻ കൂടിയായിരുന്ന അദ്ദേഹത്തിന്ന് ദാമ്പത്യ തർക്കങ്ങളും കലഹങ്ങളും അസാമാന്യമായ ക്ഷമയോടെ കൈകാര്യം ചെയ്യുന്നതിന്നും ബന്ധപ്പെട്ടവരെക്കൊണ്ട് ശരിയായ തീരുമാനങ്ങൾ എടുപ്പിക്കുന്നതിന്നും അനായാസം കഴിഞ്ഞിരുന്നു നർമ്മം കലർന്ന ഭാഷയിൽ സംസാരിക്കാനും, കുഴഞ്ഞുമറിഞ്ഞ പ്രശ്നങ്ങളുടെ ഇഴകൾ തിരിച്ചെടുക്കുന്നതിന്നും അദ്ദേഹത്തിന്നുണ്ടായിരുന്ന കഴിവ് അസാധാരണമായിരുന്നു.



കെ.ഒ. ആന്റണി

സർക്കാർ സർവ്വീസിലായിരുന്നപ്പോഴും വിരമിച്ച ശേഷവും വിട്ടുവീഴ്ചയില്ലാത്ത ആദർശ നിഷ്ഠയും മൂല്യാധിഷ്ഠിതമായ സാമൂഹ്യ ബന്ധങ്ങളും ആന്റണിച്ചേട്ടന് പലപ്പോഴും കയ്പ്പേറിയ അനുഭവങ്ങൾ സമ്മാനിച്ചിട്ടുണ്ട്. അഴിമതിയുടെ നിഴൽപോലുമേൽക്കാതെ ജീവിച്ച നല്ലൊരു കർഷകൻ കൂടിയായ അദ്ദേഹത്തിന്ന് പെൻഷൻ ആനുകൂല്യങ്ങൾ വാങ്ങിച്ചെടുക്കാൻ ഹൈക്കോടതിവരെ പോകേണ്ടിവന്നു. അൽപം പരിഹാസം കലർന്ന ചിരിയോടെ എല്ലാ പ്രതിസന്ധികളേയും അദ്ദേഹം അതിജീവിച്ചു. അതീവ ചിട്ടയോടെ ജീവിച്ചിരുന്ന അദ്ദേഹത്തിന്ന് എടുത്തു പറയാൻതക്ക അസുഖങ്ങളും ഉണ്ടായിരുന്നില്ല.

സ്വന്തം കുടുംബത്തിലും സമൂഹത്തിലും ഒരുപോലെ മാതൃകാപരമായ ജീവിതം കൊണ്ട് സ്വന്തം ജന്മത്തെ സാർത്ഥകമാക്കിയ ആന്റണിച്ചേട്ടൻ ജനനീതിയിൽ എക്കാലവും ഓർമ്മിക്കപ്പെടും. മണ്ണിനോടും വിളകളോടും അദ്ദേഹത്തിനുണ്ടായിരുന്ന ബന്ധം സ്വന്തം പേരക്കിടാങ്ങളോടുള്ള വാത്സല്യംപോലെതന്നെ അമൂല്യമായിരുന്നു ആന്റണിച്ചേട്ടന്.

അദ്ദേഹത്തിന്റെ ഓർമ്മകൾക്ക് മുമ്പിൽ ജനനീതിയുടെ പ്രണാമം! ❑

# സാമൂഹ്യ പ്രവർത്തകരുടെനേരെ അതിക്രമങ്ങൾ

**- മുകുൾ ശർമ്മ -**

ജനകീയ പ്രസ്ഥാനങ്ങളുടെ ദേശീയ സഖ്യത്തിന്റെ കർണാടകത്തിലെ കൺവീനറായ എ.ഡി. ബാബു ഈയിടെ കൊല്ലപ്പെടുകയുണ്ടായി. മദ്യവിരുദ്ധ പ്രചരണത്തിന്റെ ഭാഗമായി രാമനഗരം എന്ന സ്ഥലത്ത് ചേർന്ന സമ്മേളനത്തിൽ പങ്കെടുക്കുവാൻ രണ്ടു സഹപ്രവർത്തകരോടൊപ്പം പോകുമ്പോൾ ഒരു സംഘം തടഞ്ഞുനിർത്തി വാളും കഠാരയുമുപയോഗിച്ച് ആക്രമിക്കുകയാണുണ്ടായത്. അവിടെവച്ചുതന്നെ അദ്ദേഹം മരിച്ചു. കർണ്ണാടകത്തിലെ മദ്യമാഫിയയാണ് ഇതിന്നു പിന്നിലെന്നു കരുതപ്പെടുന്നു.

കഴിഞ്ഞ മേയിൽ ഝാർഖണ്ഡിലെ പലാമോവിൽ തൊഴിലുറപ്പു പദ്ധതിയിലെ അഴിമതിക്കെതിരെ പ്രവർത്തിച്ച ലളിതകുമാർ മേത്തയും ഇത്തരത്തിൽ കൊല്ലപ്പെടുകയാണുണ്ടായത്. ഒറീസയിലെ കൊരാപുട്ട് ജില്ലയിലെ കണ്ഠഗോത്രവർഗത്തിൽപെട്ട നാരായണ ഹരേക്ക വ്യാജമദ്യവാറ്റുകാർക്കും ഹുണ്ടിക്കാർക്കുമെതിരെ പോരാടിയതിന്ന് കൊല്ലപ്പെട്ടു.

ബാംഗ്ലൂരിലെ ലിയോ സൽഡാനയും ഭാര്യ ലക്ഷ്മിയും കർണാടക പോലീസിന്റേയും വനം വകുപ്പുകാരുടേയും പീഡനങ്ങൾക്കിരയായിനാൾ പോക്കുകയാണ്. കാട്ടിൽനിന്ന് ചന്ദനം കടത്തിക്കൊണ്ടുപോകുന്നതിന്നെതിരായും വനഭൂമി കയ്യേറ്റക്കാർക്ക് നൽകുന്നതിന്നെതിരായും ബാംഗ്ലൂർ-മൈസൂർ ഹൈവേ നിർമ്മാണത്തിനെന്നു പറഞ്ഞ് ഭൂമി അകായർ ചെയ്തതിലെ കള്ളത്തരത്തിന്നെതിരായും സമരം ചെയ്തതാണ് ഇതിന്നു കാരണം.

സാമൂഹ്യ പ്രവർത്തകർക്കെതിരായി ഇന്ത്യയുടെ നാനാഭാഗങ്ങളിൽ നടന്നുവരുന്ന ഇത്തരം അതിക്രമങ്ങളുടെ കണക്ക് ആംനസ്റ്റി ഇന്റർനാഷനൽ ശേഖരിക്കുന്നുണ്ട്. പൊതുപ്രവർത്തകർക്ക് എല്ലാ രംഗങ്ങളിലും പ്രതിബന്ധങ്ങളെ നേരിടേണ്ടിവരുന്നു. പലരും മനുഷ്യാവകാശ-പൗരാവകാശ പ്രവർത്തനങ്ങൾ നിർത്തിവച്ചു; ചിലർ നിർദ്ദോഷ പ്രവർത്തനങ്ങളിലേക്ക് ചുരുങ്ങി. വധങ്ങളും മറ്റതിക്രമങ്ങളും ഒന്നോ പത്തോ പേരെയല്ല ബാധിക്കുന്നത്. ഈ അക്രമികൾ ഭീതിയുടേതായ ഒരന്തരീക്ഷം സൃഷ്ടിക്കുന്നു. തന്മൂലം പലരും മനുഷ്യാവകാശ പ്രവർത്തനങ്ങളിലേക്കും പൗരാവകാശ പ്രവർത്തനങ്ങളിലേക്കും കാൽകുത്താൻ മടിക്കുന്നു.

മനുഷ്യാവകാശ പ്രവർത്തകരെ ശല്യപ്പെടുത്താൻ അധികൃകർ പല കരുക്കളും ഉപയോഗിക്കുന്നുണ്ട്. ജനകീയ സംഘടനകളുടെ ഓഫീസുകളിൽ മിന്നൽ പരിശോധന നടത്തുക, ചിലപ്പോൾ ബലം പ്രയോഗിച്ച് ഓഫീസ് കയ്യേറുക, പ്രവർത്തകരുടെ വീടുകളിൽ പരിശോധന നടത്തുക എന്നിവയെല്ലാം പതിവാണ്. മനുഷ്യാവകാശ ലംഘനങ്ങൾ സംബന്ധിച്ചു ശേഖരിച്ചുവച്ച രേഖകളും തെളിവുകളും പിടിച്ചെടുത്തുകൊണ്ടു പോകുന്നത് സാധാരണയാണ്. പ്രവർത്തകരെ ഭീഷണിപ്പെടു

ത്താനും ശല്യപ്പെടുത്താനും ഇവിടെ നിയമങ്ങളെ ദുരുപയോഗപ്പെടുത്തുക യാണ് ചെയ്യുന്നത്. ഒരു തെളിവുമി ല്ലാതെ ക്രിമിനൽ കേസെടുക്കുക എന്നതാണ് മറ്റൊരു തന്ത്രം. പ്രശ്നം കോടതിയിലെത്തിയാൽ അത് അറ്റമില്ലാതെ നീണ്ടുപോകും. തൃണമൂലതലത്തിലുള്ള പ്രവർത്ത കരെ ദ്രോഹിക്കാനാണ് ഈ തന്ത്രം പ്രധാനമായും ഉപയോഗിക്കുന്നത്.

ഇന്ത്യയിലെ മനുഷ്യാവകാശ സ്ഥിതി അനുദിനം വഷളായി വരിക യാണ്. സർക്കാർ നയങ്ങളുടെ പിൻബലത്തിൽ അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന സമ്പദ് വ്യവസ്ഥയുടേതായ പശ്ചാത്തല ത്തിൽ വേണം ഈ കൊലപാതക ങ്ങളേയും അവകാശധ്വംസനങ്ങ ളേയും വീക്ഷിക്കാൻ. ഭൂമി, കൃഷി, കുടിയിറക്കൽ തുടങ്ങിയ സർക്കാർ നയങ്ങൾ രാജ്യത്ത് ഗുരുതരമായ സംഘർഷമുളവാക്കുന്നുണ്ട്. ഈ സർക്കാർ നയങ്ങൾക്കെതിരായ എല്ലാ സമരങ്ങളേയും ക്രിമിനൽ കുറ്റങ്ങളാക്കി മാറ്റുകയാണ് പോലീസ് ചെയ്യുന്നത്. പൊതുപ്ര വർത്തകർക്കെതിരായ മനുഷ്യാവ കാശ ധ്വംസനങ്ങൾ വ്യാപകമായി വരുന്ന സാഹചര്യത്തിൽ നാം മൂർത്തിവത്തായ എന്തെങ്കിലും ചെയ്യേണ്ടതുണ്ട്. മനുഷ്യാവകാശ പൗരാവകാശ പ്രവർത്തകർക്ക് നിർഭയം ജനസേവനം നടത്താൻ കഴിവുണ്ടാക്കുന്ന ചില നടപടികൾ ആരംഭിക്കേണ്ടിയിരിക്കുന്നു.

ജനങ്ങളുടെ അവകാശങ്ങൾ സംര ക്ഷിക്കുന്നതിന്നായുള്ള പ്രവർത്തന ങ്ങളുടെയെല്ലാം കേന്ദ്രബിന്ദു ഒരു വ്യക്തിയായിരിക്കും. അവകാശ ധ്വം സനത്തിന്ന് ഇരയായ ആൾ, അക്രമ ത്തിൽനിന്ന് രക്ഷപ്പെട്ട ആൾ, അവ കാശ സംരക്ഷണത്തിന്നായി പ്രവർത്തിക്കുന്ന സംഘടനയിലെ ഒരംഗം, മറ്റുള്ളവർക്കുവേണ്ടി വാദി ക്കുന്ന പൊതു പ്രവർത്തകർ എന്നി ങ്ങനെ ഏതെങ്കിലും വ്യക്തിയായി രിക്കും കേന്ദ്രസ്ഥാനത്തുണ്ടാകുക. രാഷ്ട്രീയമോ സാമൂഹ്യമോ സാംസ്കാരികമോ ആയ കൂട്ടായ്മക ളുടെ ഭാഗമായ വ്യക്തികളാണ് സജീവമായി രംഗത്തുണ്ടാകുക. സാമൂഹ്യ തലത്തിലോ പ്രാദേശിക തലത്തിലോ ഉള്ള പ്രവർത്തനങ്ങ ളുടെ പിന്നിൽ ഈ പ്രവർത്തകരാ ണുണ്ടാവുക. വലിയ ആപൽസാധ്യ തകളെ നേരിടുന്നവരാണിവർ. എന്നാൽ ജനങ്ങളുടെ വ്യവസ്ഥാപി തമായ അവകാശങ്ങൾ സംരക്ഷി ക്കാൻ ഇറങ്ങി പ്രവർത്തിക്കുന്ന ഇവ രുടെ രക്ഷക്ക് ജില്ലാതലത്തിലോ സംസ്ഥാന തലത്തിലോ ദേശീയ തലത്തിലോ ഇന്നൊരു സംവിധാ നവും നിലവിലില്ല.

നമുക്കൊരു ദേശീയ മനുഷ്യാവ കാശ കമ്മീഷനുണ്ട്. അതിന്ന് സംസ്ഥാനങ്ങളിൽ സംസ്ഥാന കമ്മീ ഷനുകളുമുണ്ട്. വനിതാകമ്മീഷ നുണ്ട്; ന്യൂനപക്ഷ കമ്മീഷനുണ്ട്; പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗ ക്കാർക്കും കമ്മീഷനുണ്ട്. അനീതി കൾക്കിരയാകുന്നവർ പലപ്പോഴും ഇവരെ സമീപിക്കാറുണ്ട്. പക്ഷെ മനുഷ്യാവകാശ പ്രവർത്തകർക്കെ തിരെ, അല്ലെങ്കിൽ ഏതു പ്രവർത്ത കർക്കെതിരേയും നടക്കുന്ന അവകാ ശലംഘനമുണ്ടാകുമ്പോൾ കയ്യോടെ പ്രതികരിക്കാനും ഇടപെടാനും ഒരു മെക്കാനിസവുമില്ല. അവകാശ ലംഘ കർക്കെതിരെ നടപടിയെടുക്കാൻ ഈ നാനാവിധ കമ്മീഷനുകൾക്കു തന്നെ സ്വന്തമായൊരു സംവിധാനം ഉണ്ടാക്കിക്കൂടേ?

മനുഷ്യാവകാശ സംബന്ധമായി മേഖലാതലത്തിലും അന്താരാഷ്ട്ര തലത്തിലും സന്ധികളുണ്ടാക്കു കയും മനുഷ്യാവകാശ പ്രവർത്ത

കരെ സംരക്ഷിക്കാൻ സ്വയം പ്രതിജ്ഞാബദ്ധമാകുകയും ചെയ്ത നമ്മുടെ ഗവർമ്മേണ്ടുകളെല്ലാം എവിടെപോയി? മനുഷ്യാവകാശ സംബന്ധമായ സാർവ്വലൗകിക പ്രഖ്യാപനത്തിൽ അവകാശ പ്രവർത്തകരുടെ ജോലി സംബന്ധിച്ച് സുപ്രധാന നിലവരങ്ങൾ നിർണ്ണയിച്ചിട്ടുണ്ട്. ഇതിന്നുപുറമെ 1998 ൽ ഐക്യരാഷ്ട്ര ജനറൽ അസംബ്ലി മനുഷ്യാവകാശ പ്രവർത്തകരെ സംബന്ധിച്ച ഒരു പ്രഖ്യാപനവും പുറപ്പെടുവിച്ചിട്ടുണ്ട്. മനുഷ്യാവകാശ പ്രവർത്തകരെ സംരക്ഷിക്കുന്നതു സംബന്ധിച്ച് പ്രധാന വ്യവസ്ഥകൾ അടങ്ങിയതാണിത്. ഐക്യരാഷ്ട്ര പ്രഖ്യാപനമനുസരിച്ച് മനുഷ്യാവകാശ പൗരാവകാശ പ്രവർത്തകരുടെ പ്രവർത്തനങ്ങളെ എന്തുകൊണ്ട് നിയമാനുസൃത പ്രവർത്തനമായി പ്രഖ്യാപിച്ചുകൂടാ? സാമ്പത്തികവും സാമൂഹികവും സാംസ്കാരികവുമായ പ്രവർത്തനങ്ങൾക്കും അംഗീകാരം നൽകേണ്ടതാണ്. മനുഷ്യാവകാശ -പൗരാവകാശ പ്രവർത്തകരെ ദ്രോഹിക്കുന്നതിന്നുപകരം അവരെ സംരക്ഷിക്കുന്നതിന്നും അവർക്കു വേണ്ട സാമ്പത്തിക സഹായം നൽകുന്നതിന്നുമായി ഗവർമ്മേണ്ട് ഒരു ദേശീയ കർമ്മ പരിപാടി ആവിഷ്കരിക്കുകയാണ് വേണ്ടത്.

സർക്കാർ തലത്തിലെ സംരക്ഷണ നടപടികൾക്കു പുറമെ സമൂഹതലത്തിലും നടപടികൾ ആവശ്യമാണ്. ഛത്തീസ്ഗഡിൽ പൗരസ്വാതന്ത്ര്യ യൂണിയന്റെ നേതാവായ ഡോ. വിനായകസെന്നിനെ അറസ്റ്റ് ചെയ്തപ്പോൾ ഡോക്ടർമാരുടെ സംഘടനയോ അന്താരാഷ്ട്ര സംഘടനകളോ സജീവമായി രംഗത്തുവന്നില്ല. പേരിനൊരു പ്രതിഷേധംകൊണ്ട് അവർ ചുമതല തീർത്തു. ലളിതകുമാറിനെ വധിച്ചപ്പോഴും ഹരേക്കവധിക്കപ്പെട്ടപ്പോഴും തൊഴിലവസര രംഗത്തു പ്രവർത്തിക്കുന്നവർ പോലും ശക്തിയായി പ്രതികരിക്കുകയുണ്ടായില്ല. ഈ സ്ഥിതി മാറണം. രാഷ്ട്രീയ കക്ഷികൾ, സർക്കാരേതര സംഘടനകൾ മനുഷ്യാവകാശ സംഘടനകൾ, അന്താരാഷ്ട്ര സംഘടനകൾ, പ്രൊഫഷനൽ സംഘടനകൾ എന്നിവയുടെ നേതാക്കന്മാർ മനുഷ്യാവകാശ-പൗരാവകാശ പ്രവർത്തകരുടെ പിന്തുണക്കും സഹായത്തിന്നും കൂട്ടായി രംഗത്തു വരണം.

അവകാശങ്ങൾ എന്നു പറയുന്നത് വെറും ആശയങ്ങളോ നിയമങ്ങളോ അല്ല. പദ്ധതി തയ്യാറാക്കലും പരിശീലിപ്പിക്കലും പ്രചരണം നടത്തലുമല്ല. ഒരാൾ കൊല്ലപ്പെടുമ്പോൾ, മനുഷ്യാവകാശം ഗുരുതരമായ ഭീഷണിയെ നേരിടുമ്പോൾ, പ്രവർത്തകരുടെ സഹായത്തിന്നായി ആയിരക്കണക്കിന്നു പ്രവർത്തകരെ സംഘടിപ്പിക്കാനും രംഗത്തിറക്കാനുമുള്ള ധീരതയാണ് ആവശ്യം.

ഛത്തീസ്ഗഡ്, ഒറീസ എന്നിവ പോലുള്ള പരാജയപ്പെട്ട സംസ്ഥാനങ്ങൾ മനുഷ്യാവകാശ പ്രവർത്തകർക്ക് ഒരു വെല്ലുവിളിയാണ്. ക്രമസമാധാന പാലനം, ആരോഗ്യ സംരക്ഷണം, വിദ്യാഭ്യാസം തുടങ്ങിയ നീതിനിർവ്വഹണ സ്ഥാപനങ്ങൾ നിലവിലില്ലാത്ത, അഥവാ ദുർബ്ബലമായ പ്രദേശങ്ങളിൽ രാഷ്ട്രീയവും സാമൂഹികവുമായ സ്ഥാപനങ്ങളിലൂടെ പ്രവർത്തിക്കേണ്ടിവരും. മനുഷ്യാവകാശ-പൗരാവകാശ ധ്വംസനങ്ങൾ തടയാനും അനീതികൾക്ക് നിവാരണമുണ്ടാക്കാനും തൽക്കാലം അതേ മാർഗ്ഗമുള്ളൂ.

(ആംനസ്റ്റി ഇന്റർ നാഷണലിന്റെ ഇന്ത്യൻ ശാഖയുടെ ഡയറക്ടറാണ് ലേഖകൻ)

❑

# കാട്ടിൽ കടുവ വേണമെന്ന് ആർക്കാണിത്ര ശാഠ്യം?

രാജസ്ഥാനിലെ സരിസ്ക വനത്തിൽ കാലവർഷാരംഭത്തിൽ ഒരു കടുവയെ ഹെലികോപ്റ്ററിൽ കൊണ്ടുവന്ന് ഇറക്കിവിടുകയുണ്ടായി. പിന്നീട് അതിന്നൊരു ഇണയേയും എത്തിച്ചതായി റിപ്പോർട്ടുണ്ട്. സരിസ്കാവനത്തെ വീണ്ടും കടുവാ സമൃദ്ധമാക്കാനുള്ള ഒരു പദ്ധതിയുടെ ഭാഗമാണിതെന്ന് അധികൃതർ പറയുന്നു.

ഏതാണ്ട് 900 ചതുരശ്ര കിലോമീറ്റർ വസ്തീർണ്ണമുള്ള സരിസ്ക നാഷണൽ പാർക്കിൽ മുമ്പ് മുപ്പതോളം കടുവകളുണ്ടായിരുന്നു. കൊല്ലംതോറും അവയുടെ എണ്ണം കുറഞ്ഞു വരികയായിരുന്നുവെങ്കിലും സർക്കാർ രേഖകളിൽ കാടുനിറച്ചു കടുവകളായിരുന്നു. അങ്ങനെയിരിക്കെ നാലുകൊല്ലം മുമ്പാണ് ചിലർ സരിസ്കയിലെത്ര കടുവയുണ്ട് എന്നതിന്റെ കൃത്യമായ കണക്കെടുക്കാൻ ഇറങ്ങി പുറപ്പെട്ടത്. അതിന്റ ഫലം വനംവകുപ്പിലെ ഉദ്യോഗസ്ഥന്മാരൊഴിച്ചുള്ളവരെയെല്ലാം നടുക്കിക്കളഞ്ഞു. മരുന്നിനൊരു കടുവയെപ്പോലും കിട്ടാനില്ലെന്നാണ് കണക്കെടുക്കാൻ പോയവർ കണ്ടെത്തിയത്. ഇതിനെത്തുടർന്ന് ആകെ ബഹളമായി.

സരിസ്കയിലുണ്ടായിരുന്ന കടുവകളെല്ലാം എവിടെപോയി? ചീനർക്ക് കടുവയുടെ തോലുമാത്രമല്ല, എല്ലും, പല്ലും, നഖവുമെല്ലാം മരുന്നാണെത്ര. ഇന്ത്യയിൽതന്നെ സന്യാസിമാരുടെ ആശ്രമങ്ങൾക്ക് പൂർണിമ കൈവരാൻ ഒരു കടുവാതോലെങ്കിലും കൂടിയേ തീരൂ. ആനക്ക് അതിന്റെ കൊമ്പെങ്ങനെ വിനാശകരമായിത്തീരുന്നുവോ, അതുപോലെയാണ് കടുവകൾക്ക് അവയുടെ തോലും വിനാശകരമാകുന്നത്.

സരിസ്കവനമാകട്ടേ, വന്യജീവികളൊഴിച്ചുള്ള സകല ജീവികളുടേയും സ്വൈരവിഹാരകേന്ദ്രമാണ്. ഒരു ഹൈവേ അടക്കം ഒട്ടേറെ റോഡുകൾ ഈ വനത്തെ കീറിമുറിക്കുന്നു. ഈ കൊച്ചുകാട്ടിന്നകത്ത് 28 ഗ്രാമങ്ങളുമുണ്ട്. ഇതൊന്നും പോരെങ്കിൽ, ശബരിമലപോലൊരു ക്ഷേത്രവും കാടിന്നകത്തുണ്ട്. സരിസ്കയിൽ കടുവകൾ കുറ്റിയറ്റുപോയതെങ്ങനെയെന്നറിയാൻ അപ്പോൾ അധികം പഠനമൊന്നും നടത്തേണ്ട കാര്യമില്ല.

കടുവയുടെ വംശനാശത്തിന്നിടവരുത്തിയ ഈ സ്ഥിതിവിശേഷം അതേപടി തുടരുമ്പോൾ, അവിടെ പുതുതായി ഒന്നോ രണ്ടോ കടുവയെ കൊണ്ടുവന്നിറക്കിവിട്ടിട്ട് എന്താണ് കാര്യം? ഒരു കടുവാക്കാട് നിലനിൽക്കണമെങ്കിൽ അതിന്ന് മനുഷ്യവാസമില്ലാത്ത ആയിരം ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമെങ്കിലും വേണമെന്നും, അതിൽ അമ്പതു കടുവകളെങ്കിലും ഉണ്ടായിരിക്കണമെന്നുമാണ് വിദഗ്ധർ പറയുന്നത്. അനുകൂല സാഹചര്യമുണ്ടെങ്കിൽ കടുവകൾ വേഗം പെറ്റുപെരുകുമെന്നത് ശരിയാണ്. പക്ഷെ നിറയെ ഗ്രാമങ്ങളും റോഡുകളുമുള്ള ഒരു കാട്ടിൽ അതൊന്നും ആർക്കും പ്രതീക്ഷിക്കാനാവില്ല. കാട്ടിൽ ജീവിക്കുന്നവർക്ക് കടുവയെ സംരക്ഷിക്കുന്നതിലുമേറെ വ്യഗ്രത സ്വന്തം ജീവനെ സംരക്ഷിക്കുന്നതിലായിരിക്കുമെന്നു പറയേണ്ടതില്ലല്ലോ.

സരിസ്ക വനത്തിൽ ഇറക്കിവിട്ട കടുവകളുടെ സംരക്ഷണത്തിന്ന് ഇപ്പോൾ അതിവിപുലമായ സന്നാഹങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. രാഷ്ട്രപതിക്കേർപ്പെടുത്തിയിട്ടുള്ള രക്ഷാനടപടികളേക്കാൾ ബൃഹത്തായ നടപടികളാണ് ➡

# സ്പെയിനിൽ മന്ത്രിമാരിൽ പകുതിയിലേറെ സ്ത്രീകൾ

ലോകത്തിൽ പലേടത്തും സ്ത്രീകൾ മന്ത്രിമാരായിരുന്നിട്ടുണ്ട്; പ്രധാനമന്ത്രിമാരായിരുന്നിട്ടുണ്ട്; പ്രസിഡണ്ടുമാരായിരുന്നിട്ടുണ്ട്; പണ്ട് ചക്രവർത്തനിമാരായി ഭരണം നടത്തിയവരും ധാരാളമുണ്ട്. എന്നാൽ ഒരു മന്ത്രിസഭയിൽ പകുതിയിലേറെ സ്ഥാനങ്ങൾ വനിതകൾ വഹിക്കുന്നത് ഇതാദ്യമാണെന്നു തോന്നുന്നു.

ഈയിടെ തിരഞ്ഞെടുപ്പു കഴിഞ്ഞപ്പോൾ സ്പാനിഷ് സോഷ്യലിസ്റ്റ് പാർട്ടി വീണ്ടും അധികാരത്തിൽ വന്നു. പ്രധാനമന്ത്രിയായത് സപ്പട്ടേരോവാണ്. അദ്ദേഹം രൂപീകരിച്ച പതിനേഴംഗ മന്ത്രിസഭയിൽ ഒമ്പതു സീറ്റും സ്ത്രീകൾക്കാണു നൽകിയത്.

2004 ലെ തെരഞ്ഞെടുപ്പിൽ ജയിച്ചപ്പോൾ സപ്പാട്ടേരോ തന്റെ മന്ത്രിസഭയിലെ 16 സ്ഥാനങ്ങളിൽ എട്ടും സ്ത്രീകൾക്കു നൽകിയിരുന്നു. ഇത്തവണ മന്ത്രിസഭാംഗങ്ങളുടെ എണ്ണം 17 ആക്കുകയും ഒമ്പതു സ്ഥാനം സ്ത്രീകൾക്കു നൽകുകയുമാണുണ്ടായത്.

വനിതാ സംവരണത്തിന്നുവേണ്ടി ആറ്റുനോറ്റിരിക്കുന്ന ഇന്ത്യക്കാർക്ക് വേണമെങ്കിൽ ഇതിൽ സംവരണം കണ്ടെത്താം. കാരണം സ്പെയിനിലെ ജനസംഖ്യയിൽ 49 ശതമാനം പുരുഷന്മാരും 51 ശതമാനം സ്ത്രീകളുമാണ്. അതിനാൽ മന്ത്രിമാരിൽ 51 ശതമാനം സ്ത്രീകൾക്കു നൽകി എന്നു പറയാം.

മന്ത്രിസഭയിൽ സ്ത്രീകൾക്ക് പ്രാതിനിധ്യം നൽകി എന്നുവരുത്താനായി ഏതെങ്കിലും സ്ത്രീയെ പിടിച്ച് നിരുപദ്രവവും അപ്രധാനവുമായ ഏതെങ്കിലും

---

രണ്ടു കടുവകളെ സംരക്ഷിക്കാനായി ഇപ്പോൾ ഏർപ്പാട് ചെയ്തിരിക്കുന്നത്. സായുധ പോലീസിൽനിന്ന് അമ്പതു പേർ, വിമുക്തഭടന്മാരായ അറുപതു പേർ നൂറ് ഹോം ഗാർഡുകൾ, 250 ഗാർഡുമാർ എന്നിവരെല്ലാം ബന്തവസ്സ നടപടിക്കായി നിയോഗിക്കപ്പെട്ടിട്ടുണ്ട്. പക്ഷെ ഇതൊക്കെ എത്രകാലം സാധിക്കും? കപ്പലിൽ തന്നെ കള്ളനുണ്ടാകുന്നതാണ് നമ്മുടെ ഏറ്റവും വലിയ പ്രശ്നമെന്ന വസ്തുത കൂടി ഓർമ്മിച്ചാലേ ഈ അഭ്യാസങ്ങളുടെയെല്ലാം നിരർത്ഥകത വ്യക്തമാകൂ.

സരിസ്ക വനത്തിലുള്ള 28 ഗ്രാമങ്ങളിൽ പതിനൊന്നെണ്ണം വനത്തിന്റെ കാതലായ ഉൾക്കാട്ടിലാണ് സ്ഥിതിചെയ്യുന്നത്. ഇവരുടെ പുനരധിവാസത്തിന്നായി കേന്ദ്രഗവർമ്മേണ്ട് പത്തൊമ്പത് കോടി രൂപ അനുവദിച്ചുവെങ്കിലും ഉൾക്കാടുകളിൽനിന്ന് പുറംകാട്ടിലേക്കു പോലും മാറാൻ ആരും കൂട്ടാക്കുന്നില്ല. ഇവരെ പറഞ്ഞു സമ്മതിപ്പിക്കാൻ രണ്ടുകൊല്ലമായി നടന്നുവരുന്ന ശ്രമമെല്ലാം നിഷ്ഫലമായിരുക്കുകയാണ്.

സ്ഥിതിഗതികൾ ഇത്തരത്തിൽ തീർത്തും പ്രതികൂലമായിരിക്കേ സരിസ്കയിൽ രണ്ടു കടുവകളെ ഇറക്കിവിട്ടത് വെറുമൊരു ഭാഗ്യപരീക്ഷണമല്ലേ? ഇത്തരമൊരു സാഹസിക പരീക്ഷണം നടത്തുന്നതിന്റെ ഉദ്ദേശമെന്താണ്? ഇതിന്നുവേണ്ടി ചെലവാക്കുന്ന കോടിക്കണക്കിന്നു രൂപ ഇന്ത്യയിലെ മറ്റു കടുവാക്കാടുകളുടെ സംരക്ഷണത്തിന്നായി ചെലവാക്കുന്നതാകുമായിരുന്നു കൂടുതൽ പ്രയോജനകരം. ❑



പരേഡ് പരിശോധിക്കുന്ന ദേശരക്ഷാമന്ത്രി കാർമെ ചാക്കോൺ

മിച്ചതിൽ പലരും ആക്ഷേപം ഉന്നയിച്ചിട്ടുണ്ട്. കാരണം സ്പെയിനിലെ ഭവന നിർമ്മാണ രംഗമാകെ കുട്ടിച്ചോറായി കിടക്കുന്ന അവസരമാണിത്. ഭവനനിർമ്മാണത്തിന്നു വായ്പ നൽകിയ അനേകം ബാങ്കുകൾ ഗതികേടിലായി കിടക്കുകയാണിപ്പോൾ വിവാഹിതയും രണ്ടുകുട്ടികളുടെ അമ്മയുമാണ് ബിയാട്രീസ്.

വകുപ്പിൽ കൊണ്ടുപോയി ഇരുത്തുന്ന ഇന്ത്യൻ മാതൃകയിലുമല്ല ഇത്. സപ്പാട്ടേരോവിന്റെ മന്ത്രിസഭയിൽ ദേശരക്ഷാ വകുപ്പു കൈകാര്യം ചെയ്യുന്നത് മിസിസ് കാർമേ ചാക്കോൺ ആണ്. 37 വയസ്സുള്ള ഇവരാകട്ടെ ഏഴുമാസം ഗർഭിണിയുമാണ്. കൊച്ചുവയറുമായി ഇവർ സൈനികരുടെ പരേഡ് പരിശോധിക്കുന്നതിന്റെ ചിത്രം ഈയിടെ സ്പാനിഷ് പത്രങ്ങളിൽ വരികയുണ്ടായി.

മിസിസ് ചാക്കോൺ ഒമ്പതുകൊല്ലം മുമ്പാണ് രാഷ്ട്രീയത്തിൽ പ്രവേശിച്ചത്. അന്ന് മുനിസിപ്പൽ കൗൺസിലിലേക്ക് തിരഞ്ഞെടുക്കപ്പെട്ട അവർ പിന്നീട് മേയറായി. 2000 ൽ പാർലിമെന്റംഗമായി. 2006 ൽ ഭവന നിർമ്മാണകാര്യമന്ത്രിയായും നിയമിക്കപ്പെട്ടു.

മിസിസ് ചാക്കോൺ തൊഴിൽപരമായി പറഞ്ഞാൽ ഒരു അഭിഭാഷകയാണ്. അവർ വിവാഹം കഴിച്ചിരിക്കുന്നത് ഒരു സോഷ്യലിസ്റ്റ് നേതാവിനെയാണ്.

ബിയാട്രീസ് കെറേഡോർ(38) ആണ് മറ്റൊരു വനിതാമന്ത്രി. കാര്യമായ ഭരണപരിചയമൊന്നുമില്ലാത്ത ഇവരെ ഭവന നിർമ്മാണകാര്യമന്ത്രിയായി നിയ

ക്രസിറ്റീന ഗാമെൻഡിയ (46)യാണ് മറ്റൊരു പുതുമുഖം. പഴക്കംചെന്ന ഒരു സോഷ്യലിസ്റ്റ് നേതാവായ ഇവർക്ക് ശാസ്ത്ര വകുപ്പാണ് നൽകിയിരിക്കുന്നത്. വ്യവസായരംഗത്ത് പയറ്റി തെളിഞ്ഞിട്ടുള്ള ആളാണിവർ. ജനട്രിക്സ എന്നൊരു ബയോടെക്നോളജി കമ്പനി ഇവർ 2000 ൽ സ്ഥാപിച്ചിരുന്നു.

മന്ത്രിസഭയിലെ ഏറ്റവും പ്രായം കുറഞ്ഞ ആൾ ബിബിയാന ഐഡോ അൽമാഗ്രോ ആണ്. 31 വയസ്സുമാത്രമുള്ള ഇവർക്ക് സമത്വകാര്യ വകുപ്പാണ് നൽകിയിരിക്കുന്നത്. വീട്ടിന്നകത്ത് നടക്കുന്ന അതിക്രമങ്ങൾക്ക് നിവാരണമുണ്ടാക്കലാണ് സമത്വ വകുപ്പിന്റെ പ്രധാന ചുമതല.

ഇവരൊക്കെ പുതുമുഖങ്ങളാണെങ്കിൽ പഴക്കവും തഴക്കവും വന്ന പല സ്ത്രീകളും മന്ത്രിസഭയിൽ തുടരുന്നുമുണ്ട്. ഇവരിൽ പ്രധാനി സപ്പാട്ടേരാവിന്റെ വലംകയ്യായ ഡെപ്യൂട്ടി പ്രധാന മന്ത്രി തെരേസ ഫെർണാണ്ടസാണ്(59). ഇടവും വലവും നോക്കാതെ നിയമം നടപ്പാക്കുന്ന ആൾ എന്ന് പ്രസിദ്ധിയാർജ്ജിച്ചവരാണിവർ.

❑

കവർസ്റ്റോറി

# മാധ്യമങ്ങൾ നടത്തിയ ഒരു കുറ്റവിചാരണ

**- ഇന്ദിരാ ജയസിങ് -**

ദൽഹിയിൽ ആരുഷി എന്ന പെൺകുട്ടിയുടെ വധം സംബന്ധിച്ച് മാധ്യമങ്ങൾ പടച്ചുണ്ടാക്കിയ കഥകളെല്ലാം അടിസ്ഥാന രഹിതമാണെന്ന് ഈയിടെ സി.ബി.ഐ. നടത്തിയ അന്വേഷണത്തിൽ തെളിയുകയുണ്ടായി.

നിയമത്തിനെന്നും ചഞ്ചലമായൊരു ബന്ധമാണ് മാധ്യമങ്ങളുമായുണ്ടായിരുന്നത്. വിചാരണകൾ പരസ്യമായി നടത്തണമെന്നതിനാൽ പത്രങ്ങൾക്കവിടെ അനിയന്ത്രിതമായ സ്ഥാനം ഉണ്ടാകേണ്ടതാണ്. നീതി നടത്തിയാൽ പോരാ, നീതി നടത്തിയെന്ന് ബോധ്യപ്പെടുകയും വേണം എന്നതാണ് വിട്ടുവീഴ്ചയില്ലാത്തൊരു നീതിന്യായതത്വം. ജനങ്ങൾക്കിന്ന് അവരുടെ എം.പി. മാരെ വിലയിരുത്താൻ ടെലിവിഷൻ സംപ്രേഷണം മൂലം സാധിക്കുന്നുണ്ട്. അതുപോലെ ജനങ്ങൾക്ക് അവരുടെ ജഡ്ജിമാരേയും വിലയിരുത്താൻ കഴിയുന്നതിന്നായി കോടതി നടപടികളും സംപ്രേഷണം ചെയ്യാൻ കാലം വൈകിയെന്നു കരുതുന്ന ആളാണ് ഞാൻ. ജൂഡീഷ്യറിയിൽ അത്യാവശ്യമായിരിക്കുന്ന ഉത്തരവാദിത്വബോധം ഉളവാക്കാൻ പത്രപ്രകാശംതന്നെ ഒരു കരുവാണ്. അതിനാൽ ജൂഡീഷ്യൽ നടപടികൾ റിപ്പോർട്ടു ചെയ്യുന്നതിന്ന് പത്രങ്ങൾക്ക് ഉത്തമസ്ഥാനം അനുവദിക്കുന്നത് പൊതുതാൽപര്യത്തിന്നാവശ്യമാണ്.

എന്നാൽ ഈ നിയമത്തിന്ന് സുപ്രധാനമായ ചില നിയന്ത്രണങ്ങളുണ്ട്. കേസ് വിചാരണ റിപ്പോർട്ടുചെയ്യാൻ പത്രങ്ങൾക്ക് സ്വാതന്ത്ര്യം നൽകുന്നത് എത്രമാത്രം പൊതുതാൽപര്യത്തിന്നാവശ്യമാണോ അത്രതന്നെ പൊതുതാൽപര്യത്തിന്നാവശ്യമാണ് നിയന്ത്രണവും. കോടതിയിൽ വിചാരണയെ നേരിടുന്നവരുടെ ജീവന്മരണ കാര്യങ്ങളിൽ വിധിയാളാകാൻ പത്രങ്ങളെ അനുവദിച്ചുകൂടതന്നെ. അതുകൊണ്ടാണ് കോടതിയിലെ കേസ് വിചാരണ റിപ്പോർട്ട് ചെയ്യാൻ പത്രങ്ങളെ അനുവദിക്കുമ്പോൾതന്നെ അതിന്മേൽ അഭിപ്രായ പ്രകടനം നടത്താൻ അനുവദിക്കാതിരിക്കുന്നതും. ഇത്തരമൊരു നിയമം മൂലം കേസ് വിചാരണ അറിയാൻ ജനങ്ങൾക്ക് സൗകര്യം കിട്ടുന്നു; അതേസമയം പ്രതിയുടെ സൽപേരിന്ന് കളങ്കം വരുത്താൻ അനുവദിക്കുന്നുമില്ല. പ്രശ്നങ്ങൾ ആരംഭിക്കുന്നത് പത്രക്കാർ റിപ്പോർട്ടിങ്ങിന്നപ്പുറം പോകുമ്പോഴാണ്. കുറ്റകൃത്യം സംബന്ധിച്ച് പത്രക്കാർ സിദ്ധാന്തങ്ങൾ മെനഞ്ഞുണ്ടാക്കുന്നു. കോടതിയിൽ വിചാരണ നടന്നുകൊണ്ടിരിക്കെ പ്രതി നിരപരാധിയാണെന്നാണ് സങ്കല്പം. പക്ഷെ പത്രക്കാർ പ്രതിക്കെതിരെ കുറ്റം സ്ഥാപിക്കുന്നു. വസ്തുതകൾ റിപ്പോർട്ട് ചെയ്യുന്നതിന്നും അഭിപ്രായ പ്രകടനം നടത്തുന്നതിന്നുമിടയിൽ വ്യക്തമായും ഒരതിർവരമ്പുണ്ട്. പത്രക്കാർ പലപ്പോഴും ഈ അതിർവരമ്പ്

മുറിച്ചു കടക്കുന്നു. വിചാരണയിലിരിക്കുന്ന ഒരു വിഷയത്തിൽ മുൻവിധിയെഴുതാതിരിക്കാൻ ഈ അതിർവരമ്പിനെ മാനിച്ചേ തീരൂ.

ഒരു ഉദാഹരണം; അമേരിക്കയിൽ ജൂറിമാരെ വച്ചാണ് കേസ് വിചാരണ. പ്രധാനപ്പെട്ട കേസുകളിൽ ജൂറിമാരെ പത്രം വായിക്കാൻ അനുവദിക്കില്ല; കേസ് തീരുന്നതുവരെ കോടതി വിടാനും സമ്മതിക്കില്ല. നീതിയുക്തമായ വിചാരണക്ക് അവിടെ അത്രമാത്രം പ്രാധാന്യം കല്പിക്കുന്നു.

ഭാഗ്യത്തിന്ന് നമുക്കിവിടെ ജൂറി സമ്പ്രദായമില്ല. എന്നാൽ ജഡ്ജിമാർ ദിവസവും പത്രം വായിക്കുന്നു. പത്രങ്ങൾ ന്യായമായ പരിധിയെല്ലാം അതിലംഘിച്ചാണ് കേസുകൾ റിപ്പോർട്ടു ചെയ്യുന്നത്. ജഡ്ജിമാർ പറയും തങ്ങളുടേത് ആയസസദൃശമായ ഹൃദയമാണെന്ന്; ഒരു പത്രറിപ്പോർട്ടും തങ്ങളെ സ്വാധീനിക്കില്ലെന്നും എന്നാൽ ഈ റിപ്പോർട്ടുകൾ നിഷേധാത്മകമായ ഒരു പൊതു ജനാഭിപ്രായം സൃഷ്ടിക്കാൻ ഉദ്ദേശിച്ചുള്ളതാണ്. അതുതന്നെ കേസിന്റെ ആത്യന്തിക ഫലത്തെ സ്വാധീനിക്കും. പൊതുജനാഭിപ്രായം ജഡ്ജിമാരെ സ്വാധീനിക്കുമെന്ന് വ്യക്തം. ഈയിടെ അഫ്സൽ ഗുരുവിനെ സംബന്ധിച്ച കേസിൽ വിധി പറഞ്ഞ ജഡ്ജി, പാർലിമെന്റ് മന്ദിരത്തിന്നു നേരെ നടന്ന ആക്രമണം സമൂഹത്തിന്റെ സഞ്ചിത മനസ്സാക്ഷി യെ പ്രകോപിപ്പിച്ചതായി പറയുകയുണ്ടായി. സമൂഹത്തിന്റെ സഞ്ചിതമനസ്സാക്ഷി യെപ്പറ്റി പറയുന്ന കോടതി സ്വയം തരംതാണു പോകുകയാണ് ചെയ്തത്.

നമ്മുടെ നിയമസംവിധാനത്തിന്റെ ഉത്തരവാദിത്വബോധത്തെ കാത്തുരക്ഷിക്കാൻ മറ്റുമാർഗ്ഗങ്ങളൊന്നുമില്ലെന്നിരിക്കെ, പത്രങ്ങൾക്കിതിൽ വലിയൊരു പങ്കുണ്ടെന്ന് സമ്മതിക്കുന്നതോടൊപ്പംതന്നെ, നിയമത്തെ നേരിടുന്ന വ്യക്തികളുടെ സ്വകാര്യതയും അന്തസ്സും സൽപേരും സംരക്ഷിക്കുന്നതിലും പത്രങ്ങൾക്ക് അത്രതന്നെ മഹത്തായൊരു പൊതു താൽപര്യമുണ്ടെന്ന് ഓർത്തിരിക്കണം. പത്രപ്രവർത്തനത്തെ നിയന്ത്രിക്കുന്ന നിയമങ്ങളുണ്ട്; പത്രങ്ങൾ നിയമത്തോട് ഉത്തരവാദപ്പെട്ടിരിക്കുന്നു. പത്രങ്ങൾ സൽപേരിനുണ്ടാക്കുന്ന കളങ്കം തീർത്താൽ തീരാത്തതാണ്. അതുകൊണ്ടുതന്നെ സൽപ്പേരിന്ന് കളങ്കമുണ്ടാക്കാതിരിക്കാൻ കരുതൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

നമ്മുടെ പത്രങ്ങൾ ആരുഷി വധക്കേസ് കൈകാര്യം ചെയ്ത വൃത്തികെട്ട രീതിതന്നെ ഉദാഹരണം. ചില ടെലിവിഷൻ ചാനലുകൾ സാങ്കൽപ്പിക കഥകൾ അവതരിപ്പിച്ചു; ആരുഷിയും അവിടത്തെ വേലക്കാരനും തമ്മിലുള്ള ലൈംഗിക ബന്ധത്തിന്റെ കഥകളും വന്നു. ആരുഷിയും സുഹൃത്തുക്കളും തമ്മിൽ കൈമാറിയ ഇ-മെയിൽ സന്ദേശങ്ങൾ പോലീസിന്റെ കയ്യിൽ കിട്ടിയപ്പോൾ, അത് പത്രക്കാർക്ക് നൽകി. പത്രക്കാർ അത് വീണ്ടും സംപ്രേഷണം ചെയ്തുകൊണ്ടിരുന്നു. ആരുഷി ദുർനടത്തക്കാരിയാണെന്ന് സ്ഥാപിക്കലായിരുന്നു ലക്ഷ്യം. പതിമൂന്നു വയസ്സുതികയാത്ത കുട്ടിയാണിതെന്ന കാര്യം ആരും ഓർത്തില്ല. യഥാർത്ഥത്തിൽ അവിടെ നടന്നത് പത്രങ്ങൾ നട

ത്തിയ ഒരു കുറ്റവിചാരണയാണ്. പോലീസിന്റെ അന്വേഷണം തുടരുമ്പോഴാണിത്. കേസ് സബ് ജൂഡീസായിരിക്കുമ്പോഴാണിത്. പോലീസും പത്രക്കാരും തമ്മിൽ ഇതിലൊരു അവിശുദ്ധ കൂട്ടുകെട്ടുണ്ടായിരുന്നു. അന്വേഷണാത്മക പത്രപ്രവർത്തനമെന്ന മട്ടിൽ പ്രത്യക്ഷപ്പെട്ടതിലധികവും പോലീസിന്റെ പത്രക്കുറിപ്പുകളായിരുന്നു. കുറ്റകൃത്യത്തെക്കുറിച്ചുള്ള അന്വേഷണത്തിന്നിടയിൽ പോലീസിന്നു തോന്നിയ കാര്യങ്ങൾ പത്രങ്ങൾക്കു നൽകും. പത്രക്കാർ അത് സ്വന്തം അന്വേഷണ റിപ്പോർട്ടായി കാച്ചിവിടും. ഇരുകൂട്ടർക്കും സന്തോഷം. നിരപരാധികൾക്ക് ചീത്തപ്പേരുണ്ടാക്കിയ പോലീസിനെതിരെ ഇവിടെ നിയമപരമായ നടപടിവേണ്ടതാണ്. കേസന്വേഷണ വിവരങ്ങൾ പത്രക്കാർക്കു നൽകുന്നതിനെ നിരോധിക്കേണ്ടതുമാണ്.

പൗരന്മാരുടെ മൗലികാവകാശങ്ങൾ ലംഘിച്ചതിന്നു പുറമെ, പത്രങ്ങളിവിടെ അവയുടെ സ്വന്തം സദാചാര മര്യാദകളും ലംഘിച്ചിട്ടുണ്ട്. പൊതു താൽപര്യത്തിനനുപേക്ഷണീയമല്ലെങ്കിൽ വ്യക്തികളുടെ സ്വകാര്യ വിവരങ്ങൾ പ്രസിദ്ധീകരിക്കുന്നതിനെ പ്രസ് കൗൺസിൽ തടയുന്നു. ഒരു സ്ത്രീയുടെ സ്വകാര്യതയേയോ സദാചാരത്തേയോ കുറിച്ച് സംശയമുളവാക്കുന്ന വിധത്തിൽ ഒരു വിവരവും നൽകരുതെന്നും പ്രസ്സ് കൗൺസിൽ അനുശാസിക്കുന്നുണ്ട്. ആരുഷീ കേസിൽ ഇതെല്ലാം ലംഘിക്കപ്പെട്ടു.

ഇതിനെല്ലാം പുറമെ മരിച്ച ഒരാളെപ്പറ്റി ദുഷ്കീർത്തിയുണ്ടാക്കുന്ന ഒന്നും എഴുതരുത്. ആരുഷി കാര്യത്തിൽ മിക്ക മാധ്യമങ്ങളും ചെയ്തത് അതാണ്.

സ്ത്രീകളെപ്പറ്റി വൃത്തികെട്ട വാർത്തകൾ പ്രസിദ്ധീകരിക്കുന്നതിനെ നിരോധിക്കുന്ന ഒരു നിയമമുണ്ട്. ഈ നിയമവും ആരുഷി കേസിൽ ലംഘിക്കപ്പെടുകയുണ്ടായി. ഈ നിയമം അപൂർവ്വമായേ ഉപയോഗപ്പെടുത്താറുള്ളൂ. അതുകൊണ്ട് ഒരുപക്ഷെ പത്രക്കാർക്കിങ്ങനെ ഒരു നിയമമുണ്ടെന്ന കാര്യം തന്നെ അറിവുണ്ടാകില്ല. സ്ത്രീകളുടെ അന്തസ്സിന്നു ക്ഷതമേൽക്കാത്ത വിധത്തിൽ തികഞ്ഞ ഉത്തരവാദിത്വത്തോടെ മാത്രമേ റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കാവൂ എന്ന് ഈ നിയമം അനുശാസിക്കുന്നു. സാധാരണയായി ലൈംഗിക സാഹിത്യം അച്ചടിച്ചു വിൽക്കുന്നവർക്കെതിരായി മാത്രമേ ഈ നിയമം പ്രയോഗിക്കാറുള്ളൂ. സ്ത്രീകളെ മോശമായി ചിത്രീകരിക്കുന്ന വാർത്തകൾക്ക് മാത്രമല്ല പരസ്യങ്ങൾക്കുപോലും ഈ നിയമം ബാധകമാണ്.

ഇത്തരം നിയമങ്ങളെല്ലാം ഉൾപ്പെടുത്തിക്കൊണ്ട് പത്രക്കാർക്കൊരു ആചാര സംഹിതക്ക് രൂപം നൽകുന്നതിൽ ഇൻഫർമേഷൻ മന്ത്രി കാര്യാലയത്തിന്നുണ്ടാകുന്ന പരാജയമാണ് കൂടുതൽ പ്രധാനം. പത്രങ്ങളും ടെലിവിഷൻ ചാനലുകളും നൽകുന്ന വാർത്തകൾ പരിശോധിക്കാൻ ഒരു സംവിധാനമുണ്ടേക്കേണ്ടത് ഒരടിയന്തിരാവശ്യമാണ്. പത്രങ്ങൾക്കെതിരെ അധികമാരും മാനനഷ്ടക്കേസ് കൊടുക്കാത്തതിന്റെ പ്രധാനകാരണം കോടതിച്ചെലവിനെ ഓർത്തിട്ടാണ്. ❏

# പോലീസിന്ന് ഇങ്ങനെ ചെയ്യാൻ അധികാരമുണ്ടോ?

- പിങ്കി ആനന്ദ് -

സ്വഭാവഗുണമെന്നത് മരം പോലെയാണ്, സൽകീർത്തിയാകട്ടെ അതിന്റെ നിഴൽപോലെയാണ്. നമ്മളെപ്പോഴും ചിന്തിക്കുന്നത് നിഴലിനെപ്പറ്റിയാണ്, എന്നാൽ യഥാർത്ഥത്തിൽ ഗണനീയമായത് മരമാണ് - അബ്രഹാം ലിങ്കൻ.

ദൽഹിയിൽ ഈയിടെ ഒരു ഡോക്ടറുടെ പ്രായപൂർത്തിയാകാത്ത മകളും ഒരു വേലക്കാരനും കൊല്ലപ്പെട്ടു. ആരുഷി എന്ന പെൺകുട്ടിയുടെ വധത്തെക്കുറിച്ചുള്ള അന്വേഷണം തുടരുകയാണ്. സത്യം കണ്ടുപിടിക്കാനുള്ള തങ്ങളുടെ കഴിവിനെപ്പറ്റി ജനങ്ങൾക്കിടയിൽ വിശ്വസമുളവാക്കുന്ന വിധത്തിലല്ല പോലീസ് പെരുമാറുന്നത്. പത്രക്കാരോട് സംസാരിക്കാൻ പോലീസ് കാണിക്കുന്ന ത്വരയും തെളിവ് ആകാൻ സാധ്യതയുള്ള സകലതും പ്രസിദ്ധീകരിക്കാൻ കാണിക്കുന്ന വെമ്പലും അസംഗതമായി തോന്നുന്നു.

പക്ഷെ അതിനെപ്പറ്റിയല്ല ഇവിടെ പറയുന്നത്. പോലീസിന്റെ അന്വേഷണത്തിന്ന്, കേസിന്റെ വിചാരണക്ക് എന്തു സംഭവിച്ചാലും ശരി വിചിത്രമായ ഈ ഇരട്ടകൊലപാതകത്തിൽ പെട്ട, പ്രായപൂർത്തിയാകാത്ത പെൺകുട്ടിയുടെ സൽപ്പേരിന്ന് കളങ്കം ചാർത്തിക്കഴിഞ്ഞു. പെൺകുട്ടിയേയും വേലക്കാരനേയും അവിഹിതമായ നിലയിൽ കണ്ടെത്തി എന്ന അബദ്ധ ജടിലമായ കഥ പോലീസ് പ്രചരിപ്പിച്ചത് ഒരടിസ്ഥാനവുമില്ലാതെയാണ്.

എന്തെങ്കിലുമൊരു അടിസ്ഥാനമില്ലാതെ പോലീസെങ്ങനെയാണ് ഇത്തരമൊരാരോപണം പുറത്തുവിട്ടത്. സ്ത്രീകളോട് അനാദരം കാണിക്കുന്ന ഭാഷ ഉപയോഗിച്ചതിന്ന് പോലീസിന്ന് നോട്ടീസ് അയക്കുമെന്ന് ദേശീയ വനിതാകമ്മീഷൻ പറഞ്ഞത് തീർത്തും ശരിയാണ്. ഇത്തരം ആരോപണങ്ങൾ നിഷേധിക്കാനോ ഖണ്ഡിക്കാനോ മരിച്ച ഒരാൾക്ക് കഴിയില്ലല്ലോ. മരിച്ചുപോയ, പ്രായപൂർത്തിയാകാത്ത ഒരു പെൺകുട്ടിയുടെ സ്വഭാവഹത്യ നടത്തുന്ന തരത്തിലുള്ള പ്രസ്താവന നടത്തുന്നത് പോലീസ് ഒഴിവാക്കേണ്ടതായിരുന്നു. ഇന്ത്യൻ പീനൽ കോഡിലെ 499-ാം വകുപ്പും (മാനനഷ്ടം) 509-ാം വകുപ്പും (സ്ത്രീകളെ അപമാനിക്കൽ) ചീത്തപ്പേരുണ്ടാക്കുന്നതരം പ്രസ്താവനകളെ കുറ്റകരമാക്കിയിട്ടുണ്ട്. ഇത്തരം വ്യക്തിപരമായ പരാമർശങ്ങൾ നടത്തുന്നതിനെ പ്രസ്സ് കൗൺസിൽ നിയമവും തടയുന്നുണ്ട്; പ്രത്യേകിച്ചും മരിച്ചുപോയ ഒരാളെപ്പറ്റി ഇത്തരം പരാമർശങ്ങൾ നടത്താൻ പാടില്ല.

ഒരു പെൺകുട്ടിയെ തിരിച്ചറിയാൻ കഴിയുന്ന തരത്തിലുള്ള യാതൊരു പരാമർശവും പാടില്ലെന്ന് നിയമങ്ങൾ അനുശാസിക്കുന്നുണ്ട്. ലൈംഗിക കുറ്റകൃത്യങ്ങൾ സംബന്ധിച്ച കേസുകളിൽ അന്യായക്കാരിയുടെ പേർ വെളിപ്പെടുത്തുന്നത് കോടതികൾ കഴിയുന്നതും ഒഴിവാക്കണമെന്ന് സുപ്രീം കോടതി 1996 ൽ പഞ്ചാബിലെ ഒരു ബലാത്സംഗക്കേസ് സംബന്ധിച്ച വിധിയിൽ അനുശാസിച്ചിട്ടുണ്ട്. ആക്രമണത്തിന്നിരയായ സ്ത്രീയുടെ അഭിമാന സംരക്ഷണത്തിന്നാണ് അവരുടെ പേർ പുറത്തു വിടരുതെന്ന് പറയുന്നത്. ഇത്തരം കാര്യങ്ങളിൽ പോലീസ് ഉന്നത സദാചാര മൂല്യങ്ങൾ മുറുകെ പിടിക്കേണ്ടതുണ്ട്. എന്നാൽ ഈ കേസിൽ, 14 ➡

# ആംതേമാർക്ക് മാഗ്‌സേസേ അവാർഡ്

സമൂഹനേതൃത്വത്തിന്നുള്ള ഇക്കൊല്ലത്തെ മാഗ്‌സേസെ അവാർഡ് ഡോക്ടർമാരും ദമ്പതികളുമായ പ്രകാശ് ആംതേക്കും മന്ദാകിനി ആംതേക്കും നൽകപ്പെട്ടു.

ഗാന്ധിയനും സാമൂഹ്യ പ്രവർത്തകനുമായിരുന്ന ബാബാ ആംതേയുടെ മകനാണ് ഡോ. പ്രകാശ്. കിഴക്കൻ മഹാരാഷ്ട്രത്തിലെ ഒരു ഗോത്രവർഗ്ഗമായ മഡിയ ഗോങ്ങുകൾ വേട്ടയാടി ജീവിതം നയിച്ചുവരുന്നവരായിരുന്നു. ബാബാ ആംതേയുടെ നിയോഗമനുസരിച്ച് 1974-ലാണ് പ്രകാശും പത്നിയും മഡിയകളുടെ സേവനത്തിന്നായി തിരിച്ചത്.

ഹേമൽകസ എന്ന വിദൂരമേഖലയിൽ താവളമടിച്ച ഡോക്ടർ ദമ്പതിമാർ ഗോത്രവർഗ്ഗക്കാർക്കിടയിൽ അവരിലൊരാളെപ്പോലെ ലളിതമായ ജീവിതം നയിച്ചു. ക്രമത്തിൽ അവരുടെ ഭാഷയും ആചാരങ്ങളും സ്വായത്തമാക്കിയ അവർ മഡിയകളുടെ വിശ്വാസമാർജ്ജിച്ചു.

അവിടെ അവർ അമ്പതു രോഗികളെ കിടത്തി ചികിത്സിക്കാവുന്ന ഒരു ആസ്പത്രി നിർമ്മിച്ചു. അഞ്ചു ഡോക്ടർമാരുടെ സേവനം ലഭ്യമാക്കാനും അവർക്കു കഴിഞ്ഞു. കൊല്ലം 40,000 രോഗികളെ അവിടെ ഇപ്പോൾ സൗജന്യമായി ചികിത്സിക്കുന്നുണ്ട്.

ആസ്പത്രിക്കു പുറമെ അവരൊരു സ്കൂളും സ്ഥാപിച്ചു. വിദ്യാഭ്യാസം നേടിയതോടെ ആളുകൾ കൃഷിയാരംഭിച്ചു. ധാന്യങ്ങളും പച്ചക്കറികളും പഴങ്ങളുമെല്ലാം ഇപ്പോൾ കൃഷിചെയ്തു വരുന്നു. ഇതുവരെ വന്യമൃഗങ്ങളെ വേട്ടയാടിയിരുന്നവർ ഇപ്പോൾ വന്യമൃഗങ്ങളുടെ സംരക്ഷകരായി മാറിയിട്ടുണ്ട്.

ഫിലിപെൻസിലെ വടക്കൻ സംസ്ഥാനമായ ഇസാബെലയിലെ രാഷ്ട്രീയ ഗുണ്ടായിസത്തിന്നറുതിവരുത്തി ജനങ്ങൾക്ക് വോട്ടവകാശം നൽകിയ ഗവർണർ ഗ്രേസ് പഡാക്കക്കാണ് ഇക്കൊല്ലത്തെ സർക്കാർ സർവ്വീസിനുള്ള അവാർഡ് ലഭിച്ചത്. ❑

വയസ്സുമാത്രം പ്രായമുള്ള, വധിക്കപ്പെട്ട ഒരു പെൺകുട്ടി വീണ്ടും വീണ്ടും പോലീസിന്റെ വകയായ സ്വഭാവഹത്യക്ക് പാത്രമായിക്കൊണ്ടിരിക്കുന്നു.

ഈ കേസിലെന്നല്ല ഏതുകേസിലും ആക്രമണത്തിന്നിരയാകുന്നത് പെൺകുട്ടിയാണെങ്കിൽ അവളുടെ സ്വഭാവ ശുദ്ധിയാണ് വിമർശനത്തിന്നു പാത്രമാകുക. ഇത്തരം സാഹചര്യങ്ങളിൽ എന്തു ചെയ്യണം എന്ന ചോദ്യം സ്വാഭാവികമായും ഉയർന്നു വരുന്നു. ഒരു കേസിന്റെ അന്വേഷണം പൂർത്തിയാകുന്നതിന്നുമുമ്പ് തെളിവുകൾ പ്രസിദ്ധീകരിക്കാൻ പോലീസിന്ന് സ്വാതന്ത്ര്യം നൽകണോ? ഒരു സ്ത്രീയുടെ സ്വഭാവ ശുദ്ധിക്ക് കളങ്കം ചാർത്തുന്ന പരാമർശങ്ങൾ നടത്തുന്നതിനെ തടയുന്ന ഒരു ആചാര സംഹിത പോലീസിന്ന് ഉണ്ടാക്കണോ? ❑

# വിവരാവകാശനിയമം പുന:പരിശോധനക്ക്

**- റാവ്ലിൻ കൗർ -**

**2**005 ലെ വിവരാവകാശനിയമം കേന്ദ്രഗവർമ്മേണ്ട് ഒരു പുന:പരിശോധനക്ക് വിധേയമാക്കിക്കൊണ്ടിരിക്കുകയാണിപ്പോൾ. നിയമം പ്രബല്യത്തിൽവന്നശേഷമുള്ള മൂന്നുകൊല്ലത്തെ അനുഭവങ്ങളുടെ വെളിച്ചത്തിലാണ് ഈ പുന:പരിശോധനയെന്ന് ഗവർമ്മേണ്ട് പറയുന്നു. ഒരു അന്താരാഷ്ട്ര എക്കൗണ്ടിങ് സ്ഥാപനമായ പ്രൈസ് വാട്ടർ ഹൗസ് കൂപ്പേഴ്സ് എന്ന സംഘടനയെയാണ് ഇതിന്റെ ചുമതലയേൽപ്പിച്ചിരിക്കുന്നത്. വിവരാവകാശ നിയമത്തിന്നു വേണ്ടി പോരാടിയ പൊതുപ്രവർത്തകർക്ക് ഇതിൽ ആശങ്കയുണ്ട്. ഈ വിദേശ സംഘടനയുടെ പുന:പരിശോധന സർക്കാർ ഉദ്യോഗസ്ഥന്മാരെ സംരക്ഷിക്കാൻ മാത്രമേ ഉതകൂ എന്നവർ കരുതുന്നു. അതുകൊണ്ടുതന്നെ അവരൊരു സമാന്തര പഠനം ആരംഭിച്ചിട്ടുമുണ്ട്. സർക്കാരിന്റെ പ്രവർത്തനങ്ങളെക്കുറിച്ചറിയാൻ പൗരൻമാർക്ക് അവകാശം നൽകുന്ന ഈ നിയമം ആ ലക്ഷ്യം നേടുന്നതിൽ എത്രത്തോളം വിജയിച്ചിട്ടുണ്ട് എന്നാണ് പൊതുപ്രവർത്തകർ അന്വേഷിക്കുന്നത്.

ആസാം, ആന്ധ്ര, യു.പി., മഹാരാഷ്ട്ര, ഒറീസ എന്നീ അഞ്ചു സംസ്ഥാനങ്ങളിൽ വിവരാവകാശനിയമം നടപ്പാക്കിയ രീതിയെക്കുറിച്ചാണ് വിദേശ സംഘടന പഠനം നടത്തുന്നത്. ഈ നിയമത്തിന്റെ പ്രയോജനം തൃണമൂല തലങ്ങളിലെത്തിയോ അതോ നഗരങ്ങളിൽ കേന്ദ്രീകരിക്കുകയാണോ എന്നതാണ് ഒരു പഠന വിഷയം. വിവരം അന്വേഷിക്കുന്നവർക്കും വിവരം നൽകാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാർക്കും അനുഭവപ്പെടുന്ന പ്രശ്നങ്ങൾ പരിശോധിക്കുകയും നിയമത്തിന്റെ നടത്തിപ്പ് എങ്ങനെ മെച്ചപ്പെടുത്താമെന്ന് നോക്കുകയുമാണ് ഈ പുന:പരിശോധനയുടെ ഉദ്ദേശമെന്ന് കേന്ദ്രഗവർമ്മേണ്ടിന്റെ വിവരാവകാശ നിയമ ഡയറക്ടർ കെ.ജി. വർമ്മ പറയുന്നു.

ഈ പുന:പരിശോധനക്കുള്ള ഏജൻസിയെ തിരഞ്ഞെടുത്തതുതന്നെ വിവാദവിഷയമായിട്ടുണ്ട്. ഇത്തരം പഠനം നടത്തിയ പരിചയം ഇവർക്കില്ല. പുന:പരിശോധനയുടെ ചുമതലയേൽക്കാൻ തയ്യാറായി ചില സന്നദ്ധ സംഘടനകൾ മുന്നോട്ടുവന്നിരുന്നുവെങ്കിലും, അവർക്കതിന്ന് വേണ്ടത്ര ശേഷിയില്ലെന്ന് പറഞ്ഞ് ഗവർമ്മേണ്ട് അവരെ ഒഴിവാക്കുകയാണ് ചെയ്തത്.

ഇതിനെത്തുടർന്ന് സന്നദ്ധസംഘടനകൾ എക്കൗണ്ടബിലിറ്റി ആൻഡ് അസസ്മെന്റ് ഗ്രൂപ്പ് എന്ന പേരിൽ ഒരു ടീമുണ്ടാക്കി വിവരാവകാശ നിയമത്തിന്നൊരു സമാന്തര പുന:പരിശോധന ആരംഭിച്ചിട്ടുണ്ട്. മസ്ദൂർ കിസാൻശക്തി സംഘടന, ദൽഹിയിലേയും രാജസ്ഥാനിലേയും നാഷണൽ കാമ്പയിൻ കമ്മിറ്റികൾ, ദൽഹിയിലെ നെഹ്റു സ്മാരക മ്യൂസിയം ആൻഡ് ലൈബ്രറി, മുംബായിലെ ടാറ്റ ഇൻസ്റ്റിട്യൂട്ട് ഓഫ് സോഷ്യൽ സയൻസസ്, ദൽഹിയിലെ സെന്റർ ഫോർ സ്റ്റഡീസ് ഓഫ് ഡവലപിങ് സൊസൈറ്റീസ് തുടങ്ങിയവ ഈ ഗ്രൂപ്പിൽ പെടുന്നു.

തങ്ങളുടേത് ഒരു സമാന്തര പഠനമല്ലെന്ന് ദൽഹിയിലെ നാഷണൽ കാമ്പയിൻ കമ്മിറ്റിയിലെ ശേഖർസിങ് പറഞ്ഞു. സർക്കാർ പഠനത്തിന്റേയും തങ്ങളുടെ പഠനത്തിന്റേയും ലക്ഷ്യം ഒന്നുതന്നെയാണെങ്കിലും പഠന രീതി

കൾ വ്യത്യസ്തമാണെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. ഗവർമ്മേണ്ടിന്റെ പഠനം വിവരാവകാശനിയമത്തിൽ വെള്ളം കൂട്ടാനുള്ളതാകാനേ നിവൃത്തിയുള്ളൂ. അതിന്നും പുറമെ ഒരു വിദേശ ഏജൻസിക്ക് ഇന്ത്യയിലെ ഗ്രാമങ്ങളിലെ സ്ഥിതി പഠിക്കാൻ കഴിയുമെന്നു തോന്നുന്നില്ലെന്നും അദ്ദേഹം പറഞ്ഞു. സർക്കാർ പഠനം അഞ്ചു സംസ്ഥാനങ്ങളിൽ ഒതുങ്ങുമ്പോൾ തങ്ങളുടെ ഗ്രൂപ്പിന്റെ പഠനം പത്തു സംസ്ഥാനങ്ങളിലായിരിക്കുമെന്നും അടുത്ത ഒക്ടോബറോടെ പഠനം തീരുമെന്നും ശേഖർ പറഞ്ഞു.

ദേശീയതലത്തിൽ 20,000 പേരെ സർവ്വേയിൽ പെടുത്തും. ഒരു വിഷയത്തെക്കുറിച്ചുള്ള വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് ഗ്രാമീണരെക്കൊണ്ട് അപേക്ഷകൾ തയ്യാറാക്കിക്കും; ആ അപേക്ഷകൾക്ക് സർക്കാർ ഉദ്യോഗസ്ഥരിൽനിന്നു മറുപടി ലഭിക്കുന്ന രീതി പരിശോധിക്കും. ഇതേ രീതി തന്നെയാണ് നഗരങ്ങളിലും അവലംബിക്കുക.

വിവരാവകാശനിയമം മൂലം ഭരണസംവിധാനത്തിൽ പതുക്കെ മാറ്റംവന്നുകൊണ്ടിരിക്കുന്നുണ്ടെന്ന് ശേഖർസിങ് പറഞ്ഞു. ഉദാഹരണത്തിന്ന് രാഷ്ട്രീയ സമ്മർദ്ദംമൂലം എന്തെങ്കിലുമൊക്കെ ചെയ്യാൻ ഉദ്യോഗസ്ഥന്മാർക്കിപ്പോൾ പേടിയാണ്. ആരെങ്കിലും വിവരാവകാശനിയമപ്രകാരം ചോദ്യം ചോദിച്ചാൽ കള്ളി പുറത്താകുമെന്ന് ഉദ്യോഗസ്ഥന്മാർ ഭയപ്പെടുന്നു.

നിയമം നടപ്പാക്കുന്ന കാര്യത്തിൽ പല പ്രശ്നങ്ങളും അനുഭവപ്പെടുന്നുണ്ട്. ഏറ്റവും വലിയ പ്രശ്നം അപ്പീൽ സമർപ്പിക്കുന്നതിലാണ്. ആന്ധ്രയിൽ ദിവസത്തിലൊരു അപ്പീൽ മാത്രമേ കൈകാര്യം ചെയ്യുന്നുള്ളൂ. കേരളത്തിലകട്ടെ 2007ൽ ആകെ 50 അപ്പീൽ കേസുകൾ മാത്രമാണ് കൈകാര്യം ചെയ്തതെന്ന് പരിവർത്തൻ എന്ന സംഘടനയുടെ നേതാവായ അരവിന്ദ് കേസരിവാൾ ചൂണ്ടിക്കാട്ടി.

ഇൻഫർമേഷൻ കമ്മീഷണർ വിവരാവകാശനിയമത്തെ കൊല്ലുകയാണെന്ന് കേസരിവാൾ ആക്ഷേപിച്ചു. വിവരങ്ങൾ നൽകാൻ കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥൻമാർക്കും തെറ്റായ വിവരം നൽകുന്നവർക്കും പിഴയിടാൻ വ്യവസ്ഥയുണ്ട്. ഇൻഫർമേഷൻ കമ്മീഷണർമാരാണ് പിഴ വിധിക്കേണ്ടത്. തൊടുഞായം പറഞ്ഞ് ഉദ്യോഗസ്ഥന്മാർ ഒഴിഞ്ഞുമാറുകയാണ് ചെയ്യുന്നത്. മാത്രമല്ല, ഇതൊരു ഇരുതല വാളാണെന്നും അവർ പരാതിപ്പെടുന്നു. ചില വിവരങ്ങൾ പുറത്തുവിടരുതെന്ന് ഓഫീസ് മേധാവിമാർ കല്പന നൽകിയിരിക്കും. അപേക്ഷകന്ന് വിവരം നൽകിയാൽ മേധവി ശിക്ഷിക്കും; വിവരം നൽകാതിരുന്നാൽ ഇൻഫർമേഷൻ കമ്മീഷണർ പിഴയിടും.

പല അപേക്ഷകളും ശുദ്ധ വികൃതിയാണെന്ന് ഉദ്യോഗസ്ഥന്മാർ പറയുന്നു. പത്തുപേജ് ഉള്ളതായിരുന്നു ഒരപേക്ഷ. അതിൽ 226 ചോദ്യങ്ങളുണ്ടായിരുന്നു. അതിനെല്ലാം ഉത്തരം കണ്ടുപിടിച്ചു നൽകി. കുറച്ചു ദിവസം കഴിഞ്ഞപ്പോൾ അതേ അപേക്ഷ വീണ്ടും സമർപ്പിക്കപ്പെട്ടുവെന്ന് ഒരു ഉദ്യോഗസ്ഥൻ പരാതിപ്പെട്ടു.

ഗവർമ്മേണ്ട് തുറന്നൊരു പ്രവർത്തനശൈലി സ്വീകരിച്ചാൽ, വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകളുടെ എണ്ണം പകുതിയായി കുറയുമെന്ന് അഹമ്മദാബാദിലെ ഒരു സന്നദ്ധ സംഘടനയായ ജനപഥ ത്തിന്റെ ഡയറക്ടറായ ഹരിനേശ് പാണ്ഡ്യ പറയുന്നു. ഒരു കാര്യം അറിയാൻ അപേക്ഷ സമർപ്പിക്കേണ്ട കാര്യമില്ല; ഓഫീസിൽ ചോദിച്ചാൽ പറഞ്ഞുകൊടുക്കാവുന്നവയാണ് മിക്ക കാര്യങ്ങളും. ഇപ്പോൾ സകലതും രഹസ്യ മാണ്. അതുകൊണ്ട് അപേക്ഷകളുടെ ഒരു വെള്ളപ്പൊക്കം സംഭവിക്കുന്നു. ❑

# നമുക്കിനിയും ഉണ്ടാകാത്തത് പൗരബോധം

- ജയദീപ് വർമ്മ -

നമ്മുടെ പഞ്ചേന്ദ്രിയങ്ങളും ഒരിക്കലല്ലെങ്കിൽ മറ്റൊരിക്കൽ പീഡിപ്പിക്കപ്പെടുന്നതായി നമുക്ക് തോന്നാറുണ്ട്. എന്നാൽ സ്വാതന്ത്ര്യം കിട്ടി 61 കൊല്ലം കഴിഞ്ഞിട്ടും മറ്റൊരു ബോധം നിങ്ങൾക്കെപ്പോഴെങ്കിലും തോന്നിയിട്ടുണ്ടോ? - പൗരബോധം? നമുക്കീ ചോദ്യത്തിന്ന് ഉത്തരം കണ്ടെത്താം.

### അധികാരി

എന്തുചെയ്യണമെന്നു പറയാൻ ഇന്ത്യക്കാർക്ക് ഒരു അധികാരി കൂടിയേതീരൂ. ഒരു ജനതയെന്ന നിലക്ക് തീരെ ആത്മവിശ്വാസമില്ലാത്തവരാണ് നാം. നമ്മുടെ ഫിലിമുകളും സംഗീതവുമെല്ലാം അനുകരണമാണ്; എന്തിനും ഏതിനും അംഗീകാരത്തിനായി നാം പടിഞ്ഞാറോട്ടു നോക്കുന്നു. സാമൂഹ്യമായ നല്ല പെരുമാറ്റം എന്താണെന്നു ചിന്തിക്കാൻ പോലും ഒരു പക്ഷെ നാം അശക്തരാണ്. ശിവജി നഗറിൽ പുലിയെപ്പോലെ പെരുമാറുന്നവൻ സിങ്കപ്പൂരിൽ എലിയാകുമെന്ന് പറയുന്നത് ഒരു പഴഞ്ചൊല്ലാണ്. വിദേശത്ത് നാം നിയമം മാനിക്കുന്നത് പൌരബോധം കൊണ്ടല്ല നിയമലംഘനത്തിന്റെ ഭവിഷ്യത്തിനെക്കുറിച്ചുള്ള പേടി കൊണ്ടുമാത്രമാണ്.

നമ്മുടെ അധികാരി വർഗ്ഗത്തിന്റെ കഥയോ? രണ്ടു അനുഭവങ്ങൾ പറയാം. ഈയിടെ ദൽഹി റയിൽവേ സ്റ്റേഷനിൽ ഒരു ചെറുപ്പക്കാരൻ എന്തോ ചപ്പുചവറുകൾ താങ്ങിപ്പിടിച്ച് ചവറ്റുകൊട്ട അമ്പേഷിക്കുന്നു. അടുത്തുതന്നെ യൂനിഫോമിട്ട ഒരു പോലീസുകാരൻ നിൽപുണ്ട്. ചവറ്റുകൊട്ട എവിടെയാണെന്ന് അയാളോട് ചോദിച്ചപ്പോൾ, ആ ചവറെല്ലാം റെയിൽവേ ലൈനിൽ തട്ടാനായിരുന്നു ഉപദേശം.

മറ്റൊന്ന് പാരീസിലാണ്. പത്തുമുപ്പതു കൊല്ലം മുമ്പാണ്. വളർന്നു വരുന്ന ഒരു ഇന്ത്യൻ നേതാവ്. ഒരു മന്ത്രിയാണ്. എന്തോ ഔദ്യോഗികാവശ്യത്തിന്ന് പാരീസിലെത്തിയതാണ്. വഴിക്കദ്ദേഹം കാർ നിർത്തി. റോഡരികിലെ പൊന്തക്കാടിന്നുനേരെ നടന്നു. അയാൾ മൂത്രമൊഴിക്കാനുള്ള ശ്രമമാണ്. കൂടെയുള്ള ഇന്ത്യൻ ഉദ്യോഗസ്ഥന്മാർ പരിഭ്രാന്തരായി. ഈ ഭാഗങ്ങളിൽ ഇതൊന്നും അനുവദനീയമല്ലെന്ന് അവർ മന്ത്രിയെ ധരിപ്പിച്ചു.

### ഭക്തി

നമ്മുടെ മതപരമായ ചക്രവാളത്തിൽ ദേവന്മാർ എത്രയാണ്! ഇത്രയേറെ ദേവന്മാർ കിടന്നു കളിക്കുന്നിടത്ത് കലാപമുണ്ടാകാതിരിക്കുമോ? 14 കൊല്ലത്തെ വനവാസത്തിന്നുശേഷം ആഹ്ലാദചിത്ത

നായി അയോധ്യയിലേക്ക് മടങ്ങിയ ശ്രീരാമന്റെ വരവ് കൊല്ലംതോറും ചെകിടടപ്പിക്കുന്ന പേക്കൂത്തുമായി ആഘോഷിക്കാതിരിക്കുന്നതെങ്ങനെ? വയസ്സന്മാർക്കും രോഗികൾക്കും അല്പം ശാന്തി വേണമായിരിക്കാം. പക്ഷെ കുട്ടികൾക്ക് അവർ ജനിച്ചുവളർന്ന നാടിന്റെ ഭാഗ്യാതിരേകത്തിലേക്ക് ഒരു ചുവടുവപ്പു വേണ്ടേ? വല്ലതും പൊട്ടിത്തെറിച്ച് അപകടം പറ്റിയാലോ? ഇത്തരം ആഘോഷങ്ങൾക്കിടയിൽ ഒരപകടം പറ്റിയാൽതന്നെ ഖേദിക്കാനെന്തുണ്ട്?

ഗണേശന്റെയും ദുർഗ്ഗാദേവിയുടേയും ജലസമാധിയിലേക്കുള്ള നീണ്ട യാത്ര കരയിൽ ആഘോഷിക്കേണ്ടേ? ഏറ്റവും നീണ്ട ഗതാഗതസ്തംഭനത്തിന്റെ ദിവസമാണതെന്നത് ഒരു കാര്യമാണോ? അതിന്നിടയിൽ കുറച്ചു കുടിച്ചു കൂത്താടാനും പെൺവേട്ട നടത്താനും പറ്റില്ലേ? ഹോളി വരുമ്പോൾ വാതിലടച്ച് അകത്തിരിക്കാൻ നിർബ്ബദ്ധനാകുന്നതിന്റെ സുഖം ഒന്നു വേറെയല്ലെ?

അതേസമയം രാജ്യത്തെങ്ങുമുള്ള ക്ഷേത്രങ്ങളിൽ അനുവദനീയമായതിന്റെ പരിധികളെല്ലാം ലംഘിച്ചുകൊണ്ട് ഉച്ചഭാഷിണികൾ ദിവസേന അലറിക്കൊണ്ടിരിക്കുന്നു. ഇവയിൽ മിക്കവയും, പ്രത്യേകിച്ചും തിരുപ്പതി, വൃത്തികേടിന്റെ പര്യായമായി മാറും. ദേവന്മാരുമായുള്ള ഈ സാമീപ്യം നമ്മെ വൃത്തികെട്ടവരും സമൂഹവിരുദ്ധരുമാകാൻ അനുവദിക്കുന്നുണ്ടോ?

## സ്വാതന്ത്ര്യം

നമുക്ക് ലഭിക്കുന്ന സ്വാതന്ത്ര്യം എത്രയാണ്? നാം അതെത്ര അത്ഭുതകരമായി ഉപയോഗപ്പെടുത്തുന്നു. ചപ്പുചവറുകളെല്ലാം റോഡിലോ അയൽക്കാരന്റെ പറമ്പിലോ തട്ടാൻ നമുക്ക് സ്വാതന്ത്ര്യമുണ്ട്. റിക്ഷയിലിരുന്നോ വിലയേറിയ കാറുകളിലിരുന്നോ വഴിനീളെ തുപ്പാൻ നമുക്ക് സ്വാതന്ത്ര്യമുണ്ട്. കാവൽക്കാരനോട് ഗേറ്റ് തുറക്കാൻ ആവശ്യപ്പെടുന്നതിന്നായി അർദ്ധരാത്രി സമയത്ത് ഹോണടിക്കാൻ നമുക്ക് സ്വാതന്ത്ര്യമുണ്ട്. കണ്ടേടത്തിരുന്നു മൂത്രമൊഴിക്കാനും നമുക്ക് സ്വാതന്ത്ര്യമുണ്ട്. ഫിലിം പ്രദർശനം നടന്നുകൊണ്ടിരിക്കെ വിസിലടിക്കാനും കൈകൊട്ടാനും ഉറക്കെ സംസാരിക്കാനും നമുക്ക് സ്വാതന്ത്ര്യമുണ്ട്. ഇരുണ്ട സിനിമാ തിയ്യറ്ററിൽ മൊബൈലിൽ വർത്തമാനം പറയാനും നമുക്കു സ്വാതന്ത്ര്യമുണ്ട്. ഫിലിം പ്രദർശനം നടക്കുമ്പോൾ മൊബൈലിൽ സംസാരിക്കരുതെന്ന് ആരെങ്കിലും പറഞ്ഞാൽ ഇത് പ്രധാന കാര്യമാണ് എന്നാകും മറുപടി. അല്ലെങ്കിൽ ഞാൻ കാശുകൊടുത്തു ടിക്കറ്റ് വാങ്ങിയവനാണ്; താൻ മിണ്ടാതിരിക്ക് എന്നോ മറുപടി കിട്ടും.

ഇത് നമ്മുടെ രാജ്യമാണ്. സമൂഹവിരുദ്ധരായി പ്രവർത്തിക്കാൻ അത് വ്യക്തികൾക്കു നൽകുന്ന സ്വാതന്ത്ര്യത്തെ നാം സ്നേഹിക്കുന്നു. നമ്മുടെ മാനസികാവസ്ഥയെ, നമ്മുടെ ജോലിസ്വഭാവത്തെ, നമ്മുടെ ദേശീയ സ്വഭാവത്തെ ഇതെങ്ങനെ ബാധിക്കുന്നുവെന്ന് ആരെങ്കിലും ചിന്തിക്കുന്നുണ്ടോ? ❑

Reg. No.3551/93/L Dis    Registered: KL/CR/TCR/347/2006-08
Licensed to post without prepayment:    KL/TCR/WPP-06/2006-08
Posted at R.M.S., Thrissur-21.    Date of posting: 28-8-2008

# അതിക്രമങ്ങളെ എതിർത്ത സോൾഷെനിറ്റ്സിൻ


സോൾഷെനിറ്റ്സിൻ

കമ്യൂണിസ്റ്റ് സമഗ്രാധിപത്യത്തേയും മുതലാളിത്ത സുഖലോലുപതയേയും ഒരുപോലെ എതിർത്ത റഷ്യൻ സാഹിത്യകാരനായ അലൻഡർ സോൾഷെനിറ്റ്സിൻ നിര്യാതനായി. മരിക്കുമ്പോൾ അദ്ദേഹത്തിന് 89 വയസ്സായിരുന്നു.

രണ്ടാം ലോകമഹായുദ്ധത്തിൽ റഷ്യൻ സൈന്യത്തിൽ സേവനമനുഷ്ഠിച്ച സോൾഷെനിറ്റ്സിൻ 1945ൽ ഒരു സുഹൃത്തിന്നയച്ച കത്തിൽ സ്റ്റാലിനെ വിമർശിച്ചിരുന്നു. ഇതിനെത്തുടർന്ന് അദ്ദേഹത്തെ ലേബർ ക്യാമ്പിൽ തടവിലാക്കി. സ്റ്റാലിന്റെ മരണത്തെത്തുടർന്ന് സോൾഷെനിറ്റ്സിൻ മോചിതനായി. ഇക്കാലത്താണ് "ഇവാൻ ഡെനിസോവിച്ചിന്റെ ജീവിത്തിലെ ഒരു ദിവസം" എന്ന കഥ (1962) രചിച്ചത്. സ്റ്റാലിന്റെ ലേബർ ക്യാമ്പുകളിലെ കൊടും ക്രൂരതകളെപ്പറ്റി റഷ്യക്കാർക്ക് ഒരു ഏകദേശ ജ്ഞാനമുണ്ടാക്കിയത് ഇതാണ്. എങ്കിലും സോവിയറ്റ് ഭരണാധികാരികളുമായി സോൾഷെനിറ്റ്സിൻ ഇടഞ്ഞുതന്നെ കഴിഞ്ഞു. അദ്ദേഹത്തിന്റെ കൃതികളെല്ലാം വിദേശത്താണ് പ്രസിദ്ധീകരിച്ചത്. 1970 ൽ അദ്ദേഹത്തിന്ന് നോബൽ സമ്മാനം ലഭിച്ചത് സോവിയറ്റ് അധികൃതരെ പ്രകോപിപ്പിച്ചു. 1974 ൽ സോവിയറ്റ് വിരുദ്ധ പ്രവർത്തനത്തിന്ന് അറസ്റ്റ്ചെയ്യപ്പെട്ട സോൾഷെനിറ്റ്സിൻ നാടുകടത്തപ്പെട്ടു.

സോവിയറ്റ് ഭീകരതക്കെതിരെ പോരാടിയ മഹാനെന്ന നിലയിൽ പാശ്ചാത്യർ സോൾഷെനിറ്റ്സിനെ കൊണ്ടാടിയെങ്കിലും അതധികകാലം നീണ്ടുനിന്നില്ല. പാശ്ചാത്യ സുഖലോലുപതയുടെ അക്രമങ്ങളെ അദ്ദേഹം വിമർശിച്ചു.

1989 ൽ ഗോർബച്ചേവിന്റെ ഭരണകാലത്ത് സോൾഷെനിറ്റ്സിന്റെ കൃതികൾ റഷ്യയിൽ പ്രസിദ്ധീകരിക്കാൻ അനുമതി ലഭിച്ചുവെങ്കിലും 1994 ൽ സോവിയറ്റ് യൂണിയന്റെ തകർച്ചക്കുശേഷമേ സോൾഷെനിറ്റ്സിൻ റഷ്യയിലേക്കു മടങ്ങിയുള്ളൂ. പക്ഷെ റഷ്യയുടെ പൊതു സ്വത്തെല്ലാം വിറ്റു തുലച്ചുകൊണ്ടിരുന്ന യെൽട്സിനെ പൊറുക്കാൻ അദ്ദേഹത്തിന്നായില്ല. സോൾഷെനിറ്റ്സിന്റെ 80-ാം ജന്മദിനത്തിന്ന് റഷ്യയുടെ ഏറ്റവും ഉയർന്ന ബഹുമതി നൽകാൻ യൽട്സിൻ തീരുമാനിച്ചുവെങ്കിലും സോൾഷെനിറ്റ്സിൻ അത് വാങ്ങാൻ വിസമ്മതിച്ചു. മാത്രമല്ല, 2000 ൽ യെൽട്സിൻ സ്ഥാനമൊഴിഞ്ഞപ്പോൾ അദ്ദേഹത്തെ കുറ്റവിചാരണക്ക് വിധേയമാക്കണമെന്ന് സോൾഷെനിറ്റ്സിൻ ആവശ്യപ്പെടുകയുണ്ടായി.

പ്രസിഡണ്ട് പുട്ടിനെ സോൾഷെനിറ്റ്സിന്ന് വിലിയ കാര്യമായിരുന്നു. കഴിഞ്ഞ കൊല്ലം പുട്ടിൻ സോൾഷെനിറ്റ്സിന്റെ വസതിയിൽ പോയി റഷ്യയുടെ ഏറ്റവും ഉന്നതമായ ബഹുമതി സമ്മാനിച്ചു. ❑

Printed and published by : **Adv. Seby J. Pullely for Niyama Samskara Kendram, Jananeethi**, P.B. No. 8, Thottappady, Mannuthy P.O., Thrissur - 680651. Tel: 487-2373479, Fax: 487-2373281, E-mail: gpneethi@sancharnet.in / gepuli@rediffmail.com www.jananeethi.org **Printing : St.Mary's Orphanage Offset Press, Thrissur. Ph : 2425062, 2446709**

**വരിസംഖ്യ**: വാർഷികം – 50 ക., ആയുഷ്കാലം – 1000 ക.